ഓർത്തഡോക്സ്
യുവജനം



ജൂലൈ – ആഗസ്റ്റ്
2017

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം പ്രസിദ്ധീകരണം

പ.കന്യകമറിയം
മാതൃത്വവും കന്യകാത്വവും

അടുതല സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ 75-ാം വാർഷികാഘോഷവും ലോഗോ പ്രകാശനവും ചാത്തന്നൂർ മണ്ഡലം വൈസ് പ്രസിഡന്റ് ഫാ. വർഗ്ഗീസ് ടി വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. കോശി ജോൺ അദ്ധ്യക്ഷത വഹിച്ചു.

തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനം ആറൻമുള എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ്, അഭി. ഡോ. യൂഹാനോൻ മാർ ക്രിസ്റ്റോസ്റ്റമോസ്, ഫാ. അജി കെ. തോമസ്, ശ്രീ. ജോജി പി. തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

ഭാഗ്യസ്മരണാർഹനായ അഭി. പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 5-ാമത് ഓർമ്മയോടനുബന്ധിച്ച് നടന്ന അഖണ്ഡപ്രാർത്ഥന തെയോഭവൻ അരമനയിൽ ഫാ. എബി ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഫാ. അജി കെ. തോമസ്, ഫാ. കോശി മാത്യു, ഫാ. നൈനാൻ ഉമ്മൻ, ഫാ. ഷിജി കോശി, ബിനു സാമുവൽ, മനു തമ്പാൻ, ബിനുതോമസ്, എബ്രഹാം പി. കോശി എന്നിവർ സമീപം.

EDITORIAL BOARD

എഡിറ്റോറിയൽ ബോർഡ്

പ്രസിഡന്റ്
ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

കേന്ദ്ര വൈസ് പ്രസിഡന്റ്
ഫാ. ഫിലിപ്പ് തരകൻ

കേന്ദ്ര ജനറൽ സെക്രട്ടറി
ഫാ. അജി. കെ. തോമസ്

കേന്ദ്ര ട്രഷറർ
ജോജി പി. തോമസ് പീടിയേക്കൽ

ചീഫ് എഡിറ്റർ
ഫാ. എൽദോ കുര്യാക്കോസ് പടിഞ്ഞാറേക്കുടിയിൽ

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് ജോർജ്

ബോർഡ് അംഗങ്ങൾ
ഏബ്രഹാം പി. കോശി കാർത്തികപ്പള്ളി
അനീഷ് കോശി സഖറിയ മാരാമൺ

ഓർത്തഡോക്സ് യുവജനം
മാസികയുടെ വരിക്കാരാകുവാൻ

ഒരു വർഷം	–	100 രൂപ
രണ്ടു വർഷം	–	200 രൂപ
അഞ്ച് വർഷം	–	400 രൂപ

പരസ്യനിരക്ക്

Back Cover	-	15,000/-
Front Inner	-	10000/-
Back Inner	-	8000/-
Full page Inner	-	2500/-
Half Page Inner	-	1500/-

Graphic Designing:-
SN Press Aluva. Ph: 2604319

ഓർത്തഡോക്സ് യുവജനം

മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം

വാല്യം: 9, ലക്കം: 5, ജൂലൈ - ആഗസ്റ്റ് 2017

ഉൾത്തുടിപ്പുകൾ

7 **പ. കന്യകമറിയം മാതൃത്വവും കന്യകാത്വവും**
ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപോലീത്ത

9 **കുടുംബം – ദൈവ സ്നേഹത്തിന്റെ ഈ ഭൂമിയിലെ ദൃഷ്ടാന്തം**
മെർലിൻ റ്റി. മാത്യു, പുത്തൻകാവ്

11 **ഗാന്ധിജിയുടെ നാട്ടിലെ വെറുപ്പിന്റെ വ്യാപാരവും അസഹിഷ്ണുതയും**
ഫാ. സജി വർഗ്ഗീസ് അമയിൽ

16 **തോറ്റത് അഹംബോധം മാത്രം**
ഡോ. എം. കുര്യൻ തോമസ്

21 **നേർക്കാഴ്ച**
വനാന്തരങ്ങളിൽ പാർക്കുന്ന ആദിവാസി ഊരുകളിലെ സന്ദർശനം

23 **തീർത്ഥാടന വീഥികൾ**
THE ORTHODOX CHRISTIAN YOUTH MOVEMENT
പ്രവർത്തന രൂപരേഖ 2017 – 2018

CONTENTS

വിലാസം

ഓർത്തഡോക്സ് യുവജനം,
സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ
പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം-1
ഫോൺ: 0481-2583997
website: **www.ocymonline.org**
e-mail: orthodoxyuvajanam1936@gmail.com,
facebook: www.facebook.com/ocymmediawing/

പ്രസിഡന്റിന്റെ കത്ത്

From the Desk of President

ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹവന്ദനം.

മനസ്സിലുയർന്ന ഏതാനും ചിന്തകളും ചില വായനാനുഭവങ്ങളുമാണ് ഈ കത്തിലെ ഉള്ളടക്കം. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ജനറൽ സെക്രട്ടറി എഴുതട്ടെ. നാം തയ്യാറാക്കിയിരിക്കുന്ന ഇയർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സജീവമാക്കുക. മലങ്കര സഭയെ സംബന്ധിച്ച് പരി. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുന്നാളിൽ (2017 ജൂലൈ 3) ഉണ്ടായ സുപ്രീം കോടതിവിധി, ദൈവം സഭയെ കൈവിട്ടിട്ടില്ലാ എന്നതാണ് ഒരുത്തമ ദൃഷ്ടാന്തം. പിതാക്കന്മാർ കാട്ടിത്തന്ന സത്യം, ധർമ്മം, നീതി, ക്ഷമ എന്നിവയുടെ പാതയിലൂടെ ഏറെ സഹിച്ചു നീങ്ങിയ ഈ പ. സഭയെ ദൈവം തന്റെ കൃപാകടാക്ഷത്താൽ താങ്ങി. അനീതിയും അക്രമവും കാട്ടിയവരോടു കൂട്ടുകൂടുവാൻ, അവർക്കുവേണ്ടി സംസാരിക്കുവാൻ പലരുമുണ്ടായിരുന്നു. ഒരു സഭയും സമുദായവും സമൂഹവും സത്യം മനസ്സിലാക്കി നമ്മെ സഹായിക്കുവാനുമുണ്ടായില്ല എന്നുമാത്രമല്ല വീതം വച്ചാലെന്താ..? വിട്ടുകൊടുത്താലെന്താ...? എന്നൊക്കെ ചോദിച്ചവരുണ്ട്. അവനവനു നഷ്ടപ്പെടാനൊന്നുമില്ലെങ്കിൽ ചോദ്യം എന്തുമാകാമല്ലോ. മദ്ധ്യസ്ഥവേഷത്തിൽ രംഗപ്രവേശനം ചെയ്യുവാൻ തുനിഞ്ഞ് കുപ്പായം എടുത്ത മഹാന്മാരുമുണ്ടായിരുന്നല്ലോ. വാഴ വെട്ടാൻ കത്തി രാകിയവരുമുണ്ടായിരുന്നു. ദൈവനിശ്ചയം മറ്റൊന്ന്. പ. സഭയിൽ ദൈവികവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുവാൻ ഒരവസം കൂടി ദൈവം തന്നിരിക്കുന്നു. "പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പാൻ കഴിയേണ്ടതിന്" (എഫേ. 6: 11). ദൈവകൃപയുടെ ശക്തമായ വ്യാപനത്തിനായി പ്രാർത്ഥിക്കാം. ഈക്കാര്യങ്ങളിലുള്ള നമ്മുടെ പ്രതികരണങ്ങൾ ശ്രദ്ധിച്ചും സൂക്ഷിച്ചുമേ ആകാവൂ. നമ്മുടെ ആത്മീകവും ദൈവീകവുമായ സംസ്കാരം വെളിപ്പെടുന്നത് ഇങ്ങനെയുള്ള സന്ദർഭങ്ങളിലെ നമ്മുടെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടുമുള്ള പ്രതികരണങ്ങളിലൂടെയാകും. ആകയാൽ ദൈവമുമ്പാകെ നിരക്കാത്തതൊന്നും നമ്മുടെ ഭാഗത്തുനിന്നുണ്ടാകാതെയിരിപ്പാൻ ഏവരും ശ്രമിക്കണം. മലങ്കര സഭയ്ക്ക് ഉടമസ്ഥപ്പെടുന്ന പള്ളികളും സംവിധാനങ്ങളും സഭയുടെ ഉടമസ്ഥതയിലാക്കുന്നതിനും വ്യവസ്ഥാപിത മാർഗ്ഗങ്ങളും നിയമപരമായ നടപടികളുമുണ്ട്. അത് അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുകയാണ് സംസ്കാരത്തിന്റെ ലക്ഷണം, ദൈവികതയുടെ മാനം. തിരുവചനവും അതുതന്നെ പഠിപ്പിക്കുന്നു. പ. പത്രോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നു. "സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നുവച്ച് രാജാവിനും... നാടുവാഴികൾക്കും കീഴടങ്ങുവിൻ (1 പത്രോസ് 2: 13, 14). അതിനുള്ള വിവേകം എല്ലാവർക്കുമുണ്ടാകട്ടെ.

മാറിവന്ന പ്രകൃതി വ്യവസ്ഥയിലൂടെ ഉണ്ടാകുന്ന ദുരന്തങ്ങൾ ശ്രദ്ധിക്കാതെ പോകരുത്. നാട്ടിൻപുറങ്ങളിലെ സമ്പദ്ഘടനയെ സംപുഷ്ടമാക്കിയിരുന്ന പുഴകളും ജലാശയങ്ങളും മലീമസമാക്കപ്പെടുന്നു. വികസനത്തിന്റെ പേരിൽ നടക്കുന്ന പല പ്രവർത്തനങ്ങളും പ്രകൃതിയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമാകുന്നു. മനുഷ്യന്റെ താത്കാലിക നേട്ടത്തിനുവേണ്ടി നടത്തുന്ന കർമ്മങ്ങൾ ഇന്നത്തേയും വരുവാനുള്ള തലമുറകളുടേയും ദുരന്തത്തിനു

വഴിമരുന്നിടുകയാണ്. ജലാശയങ്ങൾ, നദികൾ, മരങ്ങൾ തുടങ്ങിയവയുടെ സംരക്ഷണാർത്ഥം നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ നാമും ശക്തമായി പങ്കാളികളാകേണ്ടതു ക്രൈസ്തവ ജീവിത ധർമ്മമത്രേ. ജലദൗർലഭ്യം, പകർച്ചവ്യാധിക്കു മുഖാന്തിരമാകുന്ന മാലിന്യക്കൂമ്പാരങ്ങൾ തുടങ്ങിയ വിഷയങ്ങളുടെ പരിഹാരത്തിനു നമ്മളാലാവതു ചെയ്യണം. അന്തരീക്ഷത്തിലെ കാർബൺ മോണോക്സൈഡു പോലുള്ളവയെ ശുദ്ധീകരിക്കുന്ന മരങ്ങളും പ്രകൃതിയുടെ 'അരിപ്പ' എന്നു വിശേഷിപ്പിക്കുന്ന മണ്ണും സംരക്ഷിക്കപ്പെടേണം. മാലിന്യ നിർമ്മാർജ്ജനത്തിനും മാന്യമായ നടപടികളുണ്ടാകണം. വ്യക്തി ശുചിത്വത്തിൽ ഊന്നൽ കൊടുക്കുന്ന നാം അതേ ആത്മാവിൽ കൈകാര്യം ചെയ്യേണ്ട ഒന്നാണ് സമൂഹ ശുചിത്വ സംസ്കാരം. ബാഹ്യശുചിത്വത്തിനു സമാന പ്രാധാന്യം നല്കേണ്ട ആന്തരിക ശുചിത്വത്തെക്കുറിച്ച് സത്യമൂർത്തിയുടെ ഒരു കുറിപ്പും കാണുകയുണ്ടായി. മനസ്സിനകത്തു കുന്നുകൂടുന്ന മാലിന്യങ്ങളെക്കുറിച്ചാണ ദ്ദേഹം സൂചിപ്പിച്ചത്. അവയും സൃഷ്ടിക്കുന്ന അപകടങ്ങൾ കാണാതിരുന്നുകൂടാ. എല്ലാ മനുഷ്യരുടേയും ഉള്ളിൽ മാലിന്യങ്ങൾ ഉണ്ടാകാം. ഏറ്റക്കുറച്ചിലുണ്ടാകുമെന്നു മാത്രം. പരിശ്രമിച്ചാൽ അവയെ നിയന്ത്രണ വിധേയമാക്കാം. സംസ്കാര സമ്പന്നർ, ദൈവബോധമുള്ളവർ അവയെ നിയന്ത്രിക്കും. അല്ലാത്തവർ അവസരം ലഭിച്ചാൽ എവിടെയും വലിച്ചെറിയും. മാലിന്യം ഉറവിടങ്ങളിൽ സംസ്കരിക്കണമെന്ന പ്രമാണം ഇവിടെയും പ്രായോഗികമാക്കണം.

ആധുനിക മലയാളി സമൂഹത്തെ പൊതുവേയും, എന്നാൽ യുവതലമുറയെ പ്രത്യേകിച്ചും വിശകലനം ചെയ്തുകൊണ്ടുള്ള ശ്രീനന്ദിനിയുടെ ഒരു ലേഖനമുണ്ടായിരുന്നു. ജീവിതത്തെ ഭ്രാന്തമായ ആഘോഷമാക്കി മാറ്റുക എന്നതു കേരളീയ ജനതയുടെ മുദ്രാവാക്യമായി മാറിക്കഴിഞ്ഞു എന്നു നിരീക്ഷിക്കുന്നു. അതിരുകളും അരുതുകളുമില്ലാത്ത ആസ്വാദനത്വരയുടെ ഒഴുക്കിൽ പൊങ്ങുതടിപോലെയാകുക. "സ്ഥലകാലബോധങ്ങൾക്കതീതമായ ഒരു ഉന്മാദാവസ്ഥ" എന്നു നന്ദിനി വിശേഷിപ്പിക്കുന്നു. തിരുവചനത്തിൽ പരാമർശിച്ചിരിക്കുന്ന "ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക" (ലൂക്കോ. 12: 19) എന്ന എപ്പിക്യൂരിയൻ ചിന്താഗതിയോടാണുപമിച്ചിരിക്കുന്നത്. ദിശ നഷ്ടപ്പെടുന്ന യുവത്വങ്ങളും നിയന്ത്രണം നഷ്ടപ്പെടുന്ന മനസ്സുകളും സൃഷ്ടിക്കുന്ന വിഭ്രാന്തികൾ സമൂഹത്തെ വികൃതമാക്കുന്നു. കാലം കുടിലതകൾക്കൊപ്പം വളരുന്നു. നമുക്കു ദൈവികതയുടെ തിരിച്ചറിവും വിവേകവും ഉണ്ടാകണം, ഉള്ളവയെ ശക്തിപ്പെടുത്തണം. "ഒഴുക്കുകൾക്കൊപ്പം നീന്തുന്നതു ചത്ത മീനുകളാണ്" എന്നത് ഒരു ജാപ്പനീസ് പഴമൊഴി. പ. പൗലോസ് ശ്ലീഹാ പ്രബോധിപ്പിക്കുന്നു; "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ: 12: 1, 2).

ആഗസ്റ്റ് 1 മുതൽ 15 വരെ പതിനഞ്ചു നോമ്പുകാലമാണല്ലോ. പ. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളിനായി ഒരുങ്ങുവാനുള്ള ഈ കാലം എല്ലാവരും ഒന്നുപോലെ നോമ്പനുഷ്ഠിക്കുവാൻ ശ്രദ്ധിക്കണം. പ. സഭയുടെ എല്ലാ നോമ്പുകളും അതിന്റെ പൂർണ്ണരൂപത്തിലും ഭാവത്തിലും അനുഷ്ഠിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ് എന്നുകൂടി ഓർമ്മപ്പെടുത്തുന്നു

നമ്മുടെ രാഷ്ട്രം സ്വാതന്ത്ര്യം നേടിയതിന്റെ 70-ാം വാർഷികവും കടന്നുവരുന്നു. സഹിഷ്ണുതയുടേയും അഹിംസയുടേയും ആത്മാവിനെ പരിപോഷിപ്പിച്ചിരുന്ന ഭാരത സംസ്കാരത്തിനുണ്ടായ അപകടകരമായ വ്യതിയാനം നാം കാണാതിരിക്കരുത്. ഇന്ന് തൽസ്ഥാനത്ത് അസഹിഷ്ണുതയുടേയും അതിൽനിന്നുളവാകുന്ന ഹിംസയുടേയും ആത്മാവ് ശക്തവും വ്യാപകവുമായി. സഹകരണത്തിന്റേയും സമന്വയത്തിന്റേയും സ്ഥാനത്തു സംഘർഷങ്ങളും സംഘട്ടനങ്ങളും ഇടം നേടി. അവയ്ക്കു വീര്യം പകരുന്ന വിദ്വേഷം വളർത്തുന്നതിൽ പരസ്പരം മത്സരവുമായി. രാജ്യത്തിന്റെ അഖണ്ഡതയും ഐക്യവും നഷ്ടപ്പെടാതിരിക്കണം. ഗോമാംസ നിരോധനത്തെ തീവ്രവാദമായിട്ടാണ് എം.ജി.എസ്. നാരായണനെപ്പോലുള്ളവർ കാണുന്നത്. ഗോമാംസം ഭക്ഷിക്കുന്നത് "മതപ്രശ്നം മാത്രമല്ല രാഷ്ട്രീയ പ്രശ്നം കൂടിയായി വളർന്നിരിക്കുന്നതായി" അദ്ദേഹം അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ പറഞ്ഞാൽ, "ഇപ്പോൾ ഒരു പുതിയ ഹിന്ദുത്വ വാദവുമായി പുറപ്പെട്ട തീവ്രവാദികൾ ഗോമാംസം ഒരു തർക്ക വിഷയമായി വളർത്തിയിരിക്കുന്നു. ഇതിന് ഹിന്ദുക്കളുടെ മതഗ്രന്ഥങ്ങളിലോ ചരിത്രത്തിലോ അംഗീകാരമുണ്ടെന്നു തോന്നുന്നില്ല. ഞങ്ങൾ മറ്റുള്ളവരേക്കാൾ ഉൽകൃഷ്ടരാണെന്നു ഭാവിച്ച് അന്യജാതിക്കാരേയും മതക്കാരേയും താഴ്ത്തിക്കെട്ടാൻ ശ്രമിക്കുന്നതിലൂടെ സഹിഷ്ണുതാ പാരമ്പര്യം ക്ഷീണിപ്പിക്കുകയാണ് ഇവർ ചെയ്യുന്നത്." ജാതിപരമായ ഉച്ചനീചത്വങ്ങൾ അടിച്ചേല്പിച്ച

ഭക്ഷണ നിയന്ത്രണങ്ങൾക്കെതിരായി പന്തിഭോജനം സംഘടിപ്പിച്ച ഈ നാട്ടിൽ "ഓരോരുത്തർക്കും സ്വന്തം ഇഷ്ടം അനുസരിച്ച് ഭക്ഷണം കഴിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്ന ശക്തമായ പ്രഖ്യാപനത്തോടെയാണ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത് (ട്രൂ കോപ്പി, മാതൃഭൂമി ആഴ്ച പ്പതിപ്പ് 2017 ജൂലൈ 9-15). എം.ജി.എസിനെപ്പോലുള്ളവർ കാട്ടുന്ന ആർജ്ജവവും ആത്മാർത്ഥ തയും ഏറെ പ്രസക്തമാകുന്നു.

'ഇത് ഇൻഡ്യാണ്, കൊല്ലരുത്' എന്ന തലക്കെട്ടിൽ സുഗതകുമാരി ടീച്ചറുടെ വിലാപക്കു റിപ്പും വിരൽ ചൂണ്ടുന്നതു നമ്മുടെ രാജ്യത്തു വ്യാപകമാകുന്ന അസഹിഷ്ണുതയുടേയും ഹിംസവാസനകളുടേയും പശ്ചാത്തലത്തിലാണ്. ടീച്ചറിന്റെ വാക്കുകളിൽ പറഞ്ഞാൽ "നാം അന്ധരായിക്കഴിഞ്ഞു. പൊറുക്കാനാവാത്ത വിധം പൈശാചികതകൾ അരങ്ങേറിക്കൊണ്ടിരിക്കു ന്നു. ഓരോ സമൂഹത്തിനും സ്വന്തമായ ഭക്ഷണക്രമങ്ങളുണ്ട്. അതിനെ തടയുവാൻ ആർക്കും അധികാരമില്ല. മാംസാഹാരികളെ അവരുടെ ഭക്ഷണ ശൈലിയിൽ നിന്ന് പാടേ മാറ്റാൻ സാദ്ധ്യമ ല്ല, അതു ന്യായമല്ല... വിരുദ്ധാഭിപ്രായം പറയുന്നവരെ വെടിവച്ചുകൊല്ലാനും നമുക്കു കഴിയു ന്നു.. മഹാപാപികളുടെ എണ്ണം പെരുകുകയാണ്.. ഈ കെട്ട കാലത്തു വിദ്വേഷത്തിന്റെ തീയിൽ എണ്ണ പകർന്ന് ആളിക്കത്തിക്കുകയാണ്..." സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമ ങ്ങൾ ഏറുന്നു. സ്വതന്ത്രരായി പൊതുനിരത്തുകളിലും, വാഹനങ്ങളിലും യാത്ര ചെയ്യുവാൻ കഴി യുന്നുണ്ടോ?

സിനിമാലോകത്തു നടക്കുന്ന ഞെട്ടിക്കുന്ന വാർത്തകൾ കൊണ്ട് പത്രത്താളുകൾ നിറ യുന്നു, ചാനലുകൾ ആഘോഷിക്കുന്നു. മുതിർന്ന മാധ്യമ പ്രവർത്തകയായ എം. സുചിത്രയുടെ നിരീക്ഷണത്തിൽ; "സിനിമാക്കാരെ താരങ്ങളാക്കി മണ്ണിൽ നിന്നും വിണ്ണിലേക്കുയർത്തുന്നതും അവരെ ആരാധിക്കുന്നതും അവരുടെ ആജ്ഞാനുവർത്തികളാകുന്നതുമൊക്കെ പ്രേക്ഷകരായ പൊതുജനങ്ങൾ തന്നെയാണ്" എന്നു മാത്രമല്ല സ്ത്രീകളോടു പൊതുസമൂഹത്തിനുള്ള മനോ ഭാവം കൂടിയാണ് ഇമ്മാതിരിയുള്ള പ്രവർത്തനങ്ങൾ പ്രകടമാക്കുന്നത് എന്നും കൂടി എടുത്തു പറയുന്നുണ്ട്.

ദീർഘിപ്പിക്കുന്നില്ല, നമുക്ക് ജീവിതയാത്രയ്ക്കുള്ള പാത തിരുവചനം ചൂണ്ടിക്കാട്ടുന്നു. പ. പത്രോസ് ശ്ലീഹാ പറയുന്നു: "നേർവഴി വിട്ട് എത്തി ബെയോരിന്റെ മകനായ ബിലയാമിന്റെ വഴി ആകരുത് നമ്മുടേത് (2: 2/15). പ്രത്യുത വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവ നുമായ യേശുവിനെ നോക്കി, സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുന്നിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാം (എബ്രായർ 12: 1,2).

ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ,

മാർ യൂഹാനോൻ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത

വാർത്തകൾ

ആഗസ്റ്റ് 15 – സ്നേഹസാഹോദര്യ ജ്വാല

പരി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ, ദേശഭക്തി, ഐക്യം, അഖണ്ഡത മതസൗഹാർദ്ദം, പൊതുജനോപകാര പ്രവർത്തനങ്ങൾ. കേന്ദ്രതല ഉദ്ഘാടനം കൊല്ലം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കുണ്ടറ സെന്റ് തോമസ് വലിയ പള്ളിയിൽ വെച്ച് നടത്തുന്നതാണ്.

അന്തർദേശീയ വാർഷിക സമ്മേളനം

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ അന്തർദേശീയ വാർഷിക സമ്മേളനം സെപ്തംബർ 29, 30 ഒക്ടോബർ 1 ദിവസങ്ങളിൽ നിരണം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പരുമല സെമിനാരിയിൽ വെച്ച് നടത്തുന്നതാണ്.

ജനറൽ സെക്രട്ടറിയുടെ കത്ത്

From the Desk of General Secretary

ബഹു. അച്ചാ, പ്രിയ സഹോദരങ്ങളേ,

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ മക്കൾക്ക് ദൈവകൃപയുടെ വരദാനമായി ലഭിച്ചതാണ് 2017 ജൂലൈ 3ന് ഭാരതത്തിന്റെ പരമോന്നത നീതിപീഠം നൽകിയ സുപ്രധാന വിധി. മലങ്കര സഭയ്ക്ക് ഒരേയൊരു കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമേ ഉള്ളൂ. അധികാരവും വാഴ്ചയും സർവവും ഒരേ ഒരു മലങ്കര മെത്രാപ്പോലീത്തായിൽ അധിഷ്ഠിതമാണെന്ന് ബഹു. സുപ്രീം കോടതി ആവർത്തിച്ച് ഉറപ്പിച്ച് പ്രഖ്യാപിച്ചു. ഇത് പൂർവ്വസൂരികളുടെ മദ്ധ്യസ്ഥതയും പരി. കാതോലിക്കാ ബാവാ തിരുമേനിയുടെ നിർമ്മലമായ പ്രാർത്ഥനയും അഭി. പിതാക്കന്മാരുടെ ആത്മീയ വിശുദ്ധിയും വിശ്വാസികളുടെ കണ്ണുനീരും പ്രത്യേകിച്ച് പ്രശ്നബാധിത പ്രദേശങ്ങളിലെ നമ്മുടെ സഭാമക്കളുടെ ത്യാഗപൂർണ്ണമായ ഐക്യത്തിന്റെയും ഫലമാണ്. ദൈവം നമ്മിൽ പ്രസാദിച്ചു. ദേവത്തെ മഹത്വപ്പെടുത്താം. ഇതിന്റെ സുഗമമായ നടത്തിപ്പിന് യൗവന സമൂഹത്തിന്റെ പ്രാർത്ഥന ഏറ്റവും അത്യാവശ്യമാണ്. പരി. അമ്മയുടെ വാങ്ങിപ്പിന്റെ നോമ്പ് ദിവസങ്ങളിൽ വ്യതശുദ്ധിയോടെ സഭയുടെ കൊമ്പ് ഉയർത്തുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. പരി. അമ്മയുടെ മദ്ധ്യസ്ഥത നമുക്ക് കാവലായിരിക്കട്ടെ. നമുക്ക് അർഹമായത് സംരക്ഷിക്കപ്പെടാൻ ഇടയാകട്ടെ.

പ്രസ്ഥാനത്തിലെ ചില പ്രധാന കാര്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ.

1. **ആഗസ്റ്റ് 15:–** പരി. അമ്മയുടെ വാങ്ങിപ്പിന്റെ ദിവസം. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം.

ദേശഭക്തി, ഐക്യം, അഖണ്ഡത, മതസൗഹാർദ്ദം, സംസ്കൃതി, തനിമ, ധീരജവാന്മാർക്ക് പ്രണാമം, പൊതുജനോപകാര പദ്ധതികൾ എന്നിവ യൂണിറ്റ് ഭദ്രാസനതലങ്ങളിൽ സംഘടിപ്പിക്കണം. കേന്ദ്രതല ഉദ്ഘാടനം കൊല്ലം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കുണ്ടറ സെന്റ് തോമസ് വലിയ പള്ളിയിൽ വെച്ച് നടത്തുന്നതാണ്.

2. ഓഫീസ് നവീകരണ കൂപ്പണുകൾ എത്രയും വേഗം തിരിച്ചു നൽകുവാൻ കേന്ദ്രസമിതി അംഗങ്ങളും ഭദ്രാസന സമിതി അംഗങ്ങളും യൂണിറ്റ് പ്രവർത്തകരും ശ്രദ്ധിക്കണമെ. സാമ്പത്തിക സമാഹാരത്തിനായി അഭി. പ്രസിഡന്റ് തിരുമേനി അതിനായി സമയം കണ്ടെത്തി ദേവാലയങ്ങൾ സന്ദർശിക്കുകയാണ്. ഒരു ഞായറാഴ്ച എന്റെ ദൈവാലയം, യൂണിറ്റ് തയ്യാറാണെങ്കിൽ അത് അറിയിക്കണം.

3. **സെപ്തംബർ 3 – 10: യുവജനവാരം**

യൂണിറ്റ് ഭദ്രാസന കേന്ദ്രതല ഉദ്ഘാടനം- പതാക ഉയർത്തുകയും ചെറിയ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം.

കേന്ദ്രതല ഉദ്ഘാടനം: ചെങ്ങന്നൂർ ഭദ്രാസന നേതൃത്വത്തിൽ കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ.

സമാപനം: പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ നടത്തിവരുന്ന നിരണം ഭദ്രാസനത്തിന്റെ അതിജീവന പദയാത്രയോടൊപ്പം.

ചിന്താവിഷയം: തീർത്ഥാടനവീഥികൾ പഠനം, ഭവന സന്ദർശനം, ഓണക്കിറ്റ് വിതരണം, ഭിന്നശേഷിയുള്ളവരോടൊപ്പം കേന്ദ്രതലത്തിൽ പ്രസ്ഥാനം പ്രവർത്തക സംഗമം- അവർക്ക് ഓണക്കിറ്റ് വിതരണം നടത്തുന്നതിനും ദൈവകൃപയാൽ ശരണപ്പെടുന്നു. ഒരു കിറ്റിന് 1000- രൂപാ വീതം 50 കിറ്റുകൾ നൽകുവാൻ താല്പര്യമുള്ള യൂണിറ്റുകൾ, വ്യക്തികൾ ആ വിവരം അറിയിക്കേണ്ടതാണ്.

4. **അന്തർദേശീയ വാർഷിക സമ്മേളനം**

സെപ്തംബർ 29, 30, ഒക്ടോബർ 1- നിരണം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പരുമല സെമിനാരിയിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ യൂണിറ്റുകളെ അറിയിക്കുന്നതാണ്.

പ്രാർത്ഥനയോടെ.

ഫാ. അജി കെ. തോമസ്

ജനറൽ സെക്രട്ടറി

Editorial

From the Desk of Editorial

പ്രിയ സ്നേഹിതരേ,

മഴയുടെ താളമേളങ്ങൾക്കൊടുവിൽ ഇത് പുണ്യം പെയ്തിറങ്ങുന്ന നോമ്പിന്റെയും സ്വാതന്ത്ര്യചിന്തകളുടെയും സ്വപ്നങ്ങളും ഓർമ്മകളും പേറുന്ന ദിനങ്ങൾ. അമ്മവിചാരങ്ങൾ നിറഞ്ഞ പതിനഞ്ചു നാളുകൾ. അമ്മയിൽ, നന്മ അടങ്ങിയിരിക്കുന്ന പോലെ ഈ നാളുകൾ നന്മ നിറഞ്ഞവയാകട്ടെ, കൂടെ അമ്മയാകുന്ന നന്മയെ സ്നേഹിക്കാൻ പഠിക്കുന്നവയും. സ്വാതന്ത്ര്യം ആഘോഷമാകുന്ന ദിവസമാണല്ലോ സ്വാതന്ത്ര്യദിനം. ഒരുപക്ഷെ എന്താണ് സ്വാതന്ത്ര്യം എന്നതു പോലും അറിയാത്ത ഒരു തലമുറയിലെ കണ്ണികളായ നാം സ്വാതന്ത്ര്യദിനം ആഘോഷമാക്കുമ്പോൾ, ആ പഴയ ഓർമ്മകൾ പോലും ഒന്ന് തിരിച്ചെടുക്കാൻ, പുതുക്കാൻ ശ്രമിക്കാറില്ല. നമുക്ക് ഈ ആഗസ്റ്റ് 15ന് എങ്കിലും ഓർമ്മകളെ ഒന്ന് പുതുക്കാം. ജീവൻ പോലും ബലിയർപ്പിച്ച് നമുക്ക് ഈ ദിനം സമ്മാനിച്ചവരെ, ഉയരെപ്പാറുന്ന ത്രിവർണ പതാക കാണാൻ കൊതിച്ചിട്ടും സാധിക്കാതെ കടന്നു പോയവരെ, സഹനത്തീയിൽ വെന്തുരുകി നിശ്ശബ്ദരായി, ചരിത്രം പോലും മറന്നു പോയ ആ ദേശസ്നേഹികളെ, അവരുടെ ജീവിതങ്ങളെ, ജീവനെ, ത്യാഗത്തെ. സ്നേഹസാഹോദര്യ ജ്വാല നാം കൊളുത്തുമ്പോൾ, ആ ജ്വാല ഈ ആത്മാക്കൾക്കായുള്ള സമർപ്പണമായി, പ്രണാമമായി മാറട്ടെ, സ്നേഹത്തിന്റെ ജ്വാലയായ്, സാഹോദര്യത്തിന്റെ ജ്വാലയായ്, അണയാത്ത ഐക്യത്തിന്റെ ജ്വാലയായ് അത് തീരട്ടെ.

എല്ലാ യൂണിറ്റ് ഭാരവാഹികളെയും ഒരിക്കൽ കൂടി, നിങ്ങളുടെ യൂണിറ്റുകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകളും ഫോട്ടോയും യുവജനത്തിൽ ചേർക്കത്തക്കവിധം അയക്കുന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.

എല്ലാവർക്കും യുവജനം എഡിറ്റോറിയൽ ബോർഡിന്റെ സ്വാതന്ത്ര്യ ദിനാശംസകൾ നേരുന്നു.

സ്നേഹാദരങ്ങളോടെ,

എൽദോ അച്ചൻ, പടിഞ്ഞാറെക്കുടിയിൽ
(ചീഫ് എഡിറ്റർ)

പ.കന്യകമറിയം മാതൃത്വവും കന്യകാത്വവും

ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത

സഭയിലെ വിശുദ്ധരിൽ പ്രഥമ സ്ഥാനമാണ് വി.മറിയാമിനുള്ളത്. സഭയുടെ ആരാധനയിൽ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവത്തിന് സ്തുതിയും സ്തോത്രവും സമർപ്പിച്ചു കഴിഞ്ഞാൽ വിശുദ്ധരെ ഓർക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ ദൈവകൃപ യാചിക്കുകയും ചെയ്യുന്ന രീതിയുണ്ട്. അതിൽ എപ്പോഴും പ്രഥമസ്ഥാനം വിശുദ്ധ മറിയാമി നാണ് നൽകിയിരിക്കുന്നത്. കന്യകമറിയാ മ്മിന്റെ നാമത്തിൽ ധാരാളം പെരുന്നാളുകളും നോമ്പുകളും പൗരസ്ത്യ സഭയിൽ ഉണ്ട്. മാതാവിന്റെ പുകഴ്ച്ചപ്പെരുന്നാളും വചനിപ്പു പെരുന്നാളും ജനനപ്പെരുന്നാളും വാങ്ങിപ്പു പെരുന്നാളും വിത്തുകൾക്കുവേണ്ടിയും കതി രുകൾക്ക് വേണ്ടിയുമുള്ള പെരുന്നാളുകളും അവയിൽ ചിലതാണ്. വാങ്ങിപ്പു പെരുന്നാളി നോടു ചേർന്നുള്ള പതിനഞ്ചു ദിനങ്ങൾ നോമ്പായി ആചരിക്കണമെന്നുള്ളത് നിർബ്ബ ന്ധമാണ്. ജനനപ്പെരുന്നാളിനോടു ചേർന്നുള്ള എട്ടു ദിവസത്തെ നോമ്പാചാരണവും ഇപ്പോൾ മലങ്കരയിൽ പ്രചാരത്തിലുണ്ട്. പുരാതന ക്രൈസ്തവ സഭകളിലെ ആദ്യകാല ദേവാലയ ങ്ങളെല്ലാംതന്നെ പരിശുദ്ധ കന്യകമറിയാമിന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ളവയാണ്. സഭാമ ക്കളുടെ വിശ്വാസജീവിതത്തിൽ പ.ദൈവമാതാ വിനുള്ള സ്ഥാനം അതുല്യവും പ്രത്യേകതയു ള്ളതുമാണെന്ന് വ്യക്തമാണ്.

സഭയുടെ ആരാധനയിൽ മണവാളനും നാഥനുമായ ക്രിസ്തുവിന്റെ വലതുവശത്തിരി ക്കുന്ന അമ്മറാണിയായിട്ടാണ് പരിശുദ്ധ കന്യ കമറിയാമിനെ ചിത്രീകരിച്ചിരിക്കുന്നത്. 45-ാം സങ്കീർത്തനം 9-11 വരെയുള്ള വേദവാക്യ ങ്ങൾ ഉരുവിട്ടുകൊണ്ട് പരിശുദ്ധ അമ്മയെ ഓർക്കുമ്പോൾ ക്രിസ്തുവും അമ്മയും നാമും തമ്മിലുള്ള ബന്ധവും, നമ്മുടെയും സഭയിലെ അമ്മയായ മറിയാമിന്റെയും സ്ഥാനങ്ങളും വ്യക്തമാകുന്നു. അവൾ (മണവാട്ടിയായ സഭ) നിന്നെ സ്തുതിച്ചുകൊണ്ട് നിന്റെ മുമ്പിൽ നിൽക്കുന്നു നിന്റെ വലതുവശത്തു രാജകുമാരി ഓഫീർതങ്കമണിഞ്ഞ് ഉപവിഷ്ഠ യായിരിക്കുന്നു എന്ന വേദവചനപ്രകാരം കർത്താവിന്റെ വലതുവശത്തിരിക്കുന്ന അമ്മ റാണിയായി സഭ കന്യകമറിയാമിനെ കാണു കയും പുകഴ്ത്തുകയും ചെയ്യുന്നു. ലോകരക്ഷാച രിത്രത്തിൽ മാനവജാതിയുടെ പ്രതിനിധിയായി സജീവമായി പങ്കുചേർന്ന വിനയാന്വിതയായ കന്യകമറിയാമിനെ സഭയുടെ മണവാളനായ ക്രിസ്തുവിന്റെ അമ്മ എന്ന നിലയിൽ അവന്റെ വലതുവശത്തല്ലാതെ മറ്റൊരിടത്തും പ്രതിഷ്ഠി ക്കുവാൻ നമുക്കനുവാദമില്ല. അതുകൊണ്ടാണ് വിശുദ്ധരിൽ പ്രഥമസ്ഥാനം സഭ വി. കന്യകമറി യാമിനു നൽകിയിരിക്കുന്നത്.

ദൈവമാതാവ്, ക്രിസ്തുമാതാവ്, മനു ഷ്യമാതാവ് (Theotokos, christotokos, Anthropotokos) എന്നീ മൂന്നു നാമങ്ങളാൽ വി. കന്യക ആദ്യ കാലം മുതൽ തന്നെ സഭയിൽ അറിയപ്പെട്ടിരു ന്നുവെങ്കിലും പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ ദൈവമാതാവു/ദൈവ പ്രസവിത്രി എന്ന നാമത്തിന് അതുല്യസ്ഥാനം നൽകുന്നു.

കാരണം, സഭയുടെ വിശ്വാസവും ആരാധനയും പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേകദൈവത്തിലും ദൈവത്തിന്റെ മനുഷ്യാവതാരത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നതുതന്നെ. പിതാവിലും പുത്രനിലും പരിശുദ്ധ റൂഹായിലും ഏകദൈവത്വം സ്ഥിതി ചെയ്യുന്നതിനാൽ മനുഷ്യാവതാരം ചെയ്ത പുത്രനാം ദൈവത്തിൽ പൂർണ്ണ ദൈവത്വം ഒരു വിഘ്നവും കൂടാതെ സ്ഥിതി ചെയ്യുന്നുവെന്നതാണ് സഭയുടെ അടിസ്ഥാന വിശ്വാസം. മനുഷ്യാവതാരം ചെയ്ത ദൈവത്തെ പ്രസവിച്ച അമ്മയായിട്ടാണ് സഭ വി.മറിയാമിനെ കാണുന്നത്. ക്രിസ്തുവിനെ സഭ ദർശിക്കുന്നത് വെറും ഒരു അഭിഷിക്തനായി മാത്രമല്ല, പ്രത്യുത, ദൈവത്വവും മനുഷ്യത്വവും അവയുടെ പൂർണ്ണതയിൽ നിലനിൽക്കുകയും കലർപ്പില്ലാത്ത വിധത്തിലും വിഭജനം ഇല്ലാത്തവിധത്തിലും അവ പൂർണ്ണമായി യോജിക്കുകയും ചെയ്തിരിക്കുന്ന മനുഷ്യാവതാരം ചെയ്ത ദൈവമായിട്ടാണ്. കനൃക പ്രസവിച്ചത്, മനുഷ്യാവതാരം ചെയ്ത ദൈവത്തെയാണ്. അതുകൊണ്ടാണ് അവൾ ദൈവപ്രസവിത്രി/ദൈവമാതാവ് എന്ന അതുല്യനാമത്താൽ വിളിക്കപ്പെടുന്നത്. ഈ സ്ഥാന നാമത്തിൽ സഭയുടെ അടിസ്ഥാന ദൈവശാസ്ത്രം അടങ്ങിയിരിക്കുന്നുവെന്നർത്ഥം.

നിത്യകനൃക എന്ന സ്ഥാനനാമവും വളരെ പ്രാധാന്യമുള്ളതാണ്. വി. മറിയാമിന് ക്രിസ്തുവല്ലാതെ വേറെ മക്കളാരും ഉണ്ടായിരുന്നില്ലെന്നത് വി. വേദപുസ്തകം നൽകുന്ന സാക്ഷ്യമാണ്. യേശുവിന്റെ സഹോദരന്മാർ എന്ന് സുവിശേഷതാളിൽ പരാമർശിക്കപ്പെടുന്നവരുടെ മാതാപിതാക്കളുടെ പേരുകളും സുവിശേഷതാളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സഹോദരൻ എന്ന് വിളിച്ചിരിക്കുന്നുവെന്നതുകൊണ്ട് ക്രിസ്തുവിന്റെ സ്വന്തമാതാവിൽ നിന്ന് ജനിച്ചു എന്നർത്ഥമില്ല. എന്നാൽ, മറിയാമിനെ നിത്യകനൃക എന്ന വിളിക്കുന്നതിന്റെ പിന്നിൽ കനൃകമറിയാമിന് ക്രിസ്തുവല്ലാതെ മറ്റുമക്കൾ ഉണ്ടായിരുന്നുവോ ഇല്ലായിരുന്നുവോ എന്ന വാദത്തിനുവേണ്ടിയല്ല മറിച്ച് കനൃകയിൽ നിന്നു ജനിച്ചവൻ അതുല്യനും വിശുദ്ധനും ദൈവവുമായ ക്രിസ്തുവാണെന്ന പരമമഹത്വം ഘോഷിക്കുവാനാണ്. പരിശുദ്ധാത്മ കിന്നരം എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മാർ അപ്രേമിന്റെ ഭാഷയിൽ കനൃക മറിയാമിന്റെ ഉദരം ദൈവസിംഹാസനമായിരുന്നു. ദൈവമല്ലാതെ മറ്റാരും അവിടെ ഇരിക്കുവാൻ പാടുള്ളതല്ലല്ലോ. നിത്യകനൃക എന്ന സ്ഥാന നാമം ക്രിസ്തുവിന്റെ മനുഷ്യാവതാരം പുരുഷബന്ധം കൂടാതെ ഉണ്ടായതാണെന്നും ക്രിസ്തുവിന്റെ ജനനം അത്ഭുതകരമായിരുന്നുവെന്നും ഓർമ്മിപ്പിക്കുന്ന ഒന്നാണ്. മഹാത്ഭുതമായ ക്രിസ്തുവിന്റെ ഇരിപ്പിടത്തിൽ ആരും കയറിയിരിക്കുവാൻ അനുവാദമില്ല. അതുകൊണ്ടുതന്നെ കനൃകമറിയാമിന്റെ ഗർഭപാത്രം അത്ഭുതകരമായ മനുഷ്യാവതാരത്തിന്റെ മാധ്യമമാണ്. ആകയാൽ മറിയാം, നിത്യകനൃക എന്ന മഹത്വ നാമത്താൽ പ്രശോഭിതയായിരിക്കുന്നു.

മാതൃത്വത്തിന്റെ വിശുദ്ധിയും കനൃകാത്വവും ഏകദേശം നഷ്ടമായിരിക്കുന്ന കാലഘട്ടമാണ് നമ്മുടേത്. കുടുംബശിഥിലീകരണം, മാതൃ-പിതൃ-പുത്ര ബന്ധങ്ങളിലെ വിള്ളൽ, തുടങ്ങി പലതും വെല്ലുവിളികളാണ്. ആഗസ്റ്റ്- സെപ്റ്റംബർ മാസം നാം പരിശുദ്ധ അമ്മയെ പ്രത്യേകമായി അനുസ്മരിക്കുമ്പോൾ നഷ്ടമായ നന്മകളെ വീണ്ടെടുക്കുവാനുള്ള ചിന്തകളും അവയുടെ പ്രായോഗികതയും വിശ്വാസികളിൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കുടുംബം – ദൈവ സ്നേഹത്തിന്റെ ഈ ഭൂമിയിലെ പ്രഥമ ദൃഷ്ടാന്തം

മെർലിൻ റ്റി. മാത്യു പുത്തൻകാവ്

കുടുംബം: ദൈവത്താൽ സ്ഥാപിതവും ദൈവ സ്നേഹത്തിന്റെ പ്രതിഫലനവും, ദൈവം സൃഷ്ടിയ്ക്കും നൽകിയ വരദാനങ്ങളിൽ ഒന്നാണ്. സമൂഹത്തിലെ ചെറിയ പതിപ്പാണ് കുടുംബമെങ്കിലും മതഗ്രന്ഥങ്ങൾ കുടുംബ കഥകൾ കൊണ്ട് സമ്പുഷ്ടമാണ്. കുടുംബത്തെക്കുറിച്ചുള്ള പല നിർവചനങ്ങൾ നാം മനസ്സിൽ സൂക്ഷിക്കുന്നുമുണ്ട്.

Family is a group of persons united by the ties of marriage blood or adoption, constituting a single household, interacting and inter communication with each other in their respective social roles of husband and wife, father and mother, son and daughter, brother and sister and hence creating a common culture. ഈ നിർവചനം ആഗ്രഹമാണെങ്കിലും, വി. വേദപുസ്തകം, കുടുംബത്തിലെ അവസ്ഥകൾ, കുടുംബാംഗങ്ങളുടെ സ്വഭാവം, നന്മ, പ്രവൃത്തികൾ ഇതെല്ലാം വരച്ചു കാട്ടുകയാണ്. അബ്രഹാം സാറാ കുടുംബം (വിശ്വാസത്തിൽ ബലപ്പെട്ട കുടുംബം), നോഹയുടെ കുടുംബം (അനുസരണമുള്ള കുടുംബം). രൂത്തിന്റേയും നവോമിയുടെ കുടുംബം (ശുശ്രൂഷയിൽ എരിവുള്ള കുടുംബം) സഖറിയാവിന്റേയും ഏലിസബേത്തിന്റേയും കുടുംബം (ദൈവസന്നിധിയിൽ നീതികരിക്കപ്പെട്ട കുടുംബം), അക്വിലാവിന്റേയും പ്രിസ്കില്ലായുടെയും കുടുംബം (മാതൃകാജീവിതം നയിച്ച കുടുംബം) നസറേത്തിലെ തിരുകുടുംബം, ഇതെല്ലാം തന്നെ ആധുനിക കുടുംബങ്ങളിലെ ആത്മീയ അടിത്തറയുടെ മാർഗ്ഗങ്ങളാണ്.

1. സ്നേഹത്തിന്റെ സാക്ഷ്യം കുടുംബജീവിതത്തിൽ

വി. വേദപുസ്തകത്തിൽ ആദ്യ അദ്ധ്യായങ്ങളിൽ തന്നെ, ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും തമ്മിൽ വെളിപെടേണ്ടതിന് ദൈവ സ്നേഹത്തിന്റെ പ്രതിഫലനമായി മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ച് ഭൂമിയിൽ കുടുംബത്തിന്റെ മഹത്വവും മഹാത്മ്യവും മാതൃകയും വരച്ചുകാണിച്ചു. ആധുനിക കുടുംബത്തകർച്ചകൾക്ക് പല കാരണങ്ങളും കണ്ടെത്തുമ്പോൾ, മദർതെരേസ, ഇപ്രകാരം പറയുന്നു, സ്നേഹരാഹിത്യം വരുത്തിയ മുറിവുകളാണ് കുടുംബജീവിതത്തിന്റെ പരാജയം എന്ന്. മാത്രമല്ല കുടുംബജീവിതത്തിലെ പ്രശ്നങ്ങളിൽ ചിലർ

1) സ്വപ്നലോകത്തിൽ കഴിയുന്നു.

2) നിഷ്ക്രിയരായ് ജീവിക്കുന്നു.

3) ഒളിച്ചോടുവാൻ ശ്രമിക്കുന്നു.

4) ലഹരി വസ്തുക്കൾക്ക് അടിമകളാകുന്നു.

5) ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു.

ഇതൊന്നുമല്ലാതെ മറ്റു ചിലർ കുടുംബം തന്നെ വേണ്ട എന്ന് അഭിപ്രായപ്പെട്ട് കുടുംബകോടതികളിൽ അഭയം പ്രാപിക്കുന്നു.

വിവാഹ ശുശ്രൂഷയിൽ വായിക്കുന്ന ഏവൻ ഗേലിയോൻ ഭാഗത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു. ആകയാൽ ഇവർ രണ്ടല്ല ഒരു ശരീരമാകുന്നു, അതുകൊണ്ട് ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്. ക്രിസ്തുവാകുന്ന നുകത്തിൽ കീഴിൽ സ്നേഹത്തിലധിഷ്ഠിമായ കുടുംബം സാക്ഷ്യകളുടെ കുടുംബമാണ്.

2. അനുഭവങ്ങളുടെ സാക്ഷ്യം കുടുംബ ജീവിതത്തിൽ

ദൈവാനുഭവങ്ങളുടെ നിരന്തരമായ പങ്കീടിൽ കുടുംബ ജീവിതത്തിന്റെ സാക്ഷ്യമായി നിലനിൽക്കണം. ക്രിസ്തീയ പാരമ്പര്യത്തിൽ വിവാഹം എന്നത് ഒരു കൂദാശയാണ്. ക്രിസ്തുവാകുന്ന മണവാളനും സഭയാകുന്ന മണവാട്ടിയും തമ്മിലുള്ള അഴമായ ബന്ധമാണ് ഓരോ കുടുംബത്തിന്റേയും അടിസ്ഥാനം. 1 ശാമുവേൽ 1-ാം അദ്ധ്യായത്തിൽ ഏൽക്കാനാ-ഹന്നാ ദമ്പതിമാരുടെ ജീവിതക്രമങ്ങളിൽ എൽക്കാനാ - ഹന്നായെ ശക്തിപ്പെടുത്തുന്ന വാക്യങ്ങൾ ഇന്ന് കുടുംബങ്ങൾക്ക് ആത്മീയ ചൈതന്യവും ബലവും പകരുന്നതാണെന്നതിൽ തർക്കമില്ല. "നീയെന്തിനു കരയുന്നു, നീയെന്തിന് പട്ടിണി കിടക്കുന്നു, ഞാൻ നിനക്ക് 10 പുത്രന്മാരെക്കാൾ നല്ലതല്ലയോ?"

ഭാരതത്തിന്റെ മുൻ രാഷ്ട്രപതി **A.P.J.** അബ്ദുൾകലാം *പറയുന്നു* **I am not handsome, but I can give my hand someone who needs help.** കുടുംബജീവിതത്തിന്റെ നിലനിൽപ്പ് പരസ്പരം കരുതി ഒത്തൊരുമിച്ച് സന്തോഷിച്ച് വേദനകളെ പങ്കിട്ട് ജീവിക്കുന്നതിലാണ്.

സമൂഹത്തിൽ ഇന്ന് 3 തരം മാതാപിതാക്കളുണ്ട്.

1) **Permissive Parents** (അമിത സ്വാതന്ത്ര്യം കൊടുക്കുന്നവർ)

അവരുടെ മക്കൾ തന്നിഷ്ടക്കാരും അനുസരണം കെട്ടവരും ആയിരിക്കും.

2) **Authoritarian Parents** (വ്യക്തി സ്വാതന്ത്ര്യം കൊടുക്കാത്തവർ)

അവരുടെ മക്കൾ ആത്മവിശ്വാസം ഇല്ലാത്തവർ ആയിരിക്കും.

3) **Authoritative Parents** (അനുഭവ സാക്ഷ്യമുള്ള മാതാപിതാക്കൾ)

അവരുടെ മക്കൾ മാതൃകയുള്ളവരും സ്വയം നിയന്ത്രിക്കാൻ കഴിവുള്ളവരുമായിരിക്കും.

സ്വർഗ്ഗീയ മന്നയായ ദൈവപുത്രനെ ഭൂമിയിൽ വഹിക്കുവാൻ, എരിതീയിൽ എരിയാത്ത വിശ്വാസമുള്ള കന്യകമറിയാമിനെ വാർത്തെടുക്കുവാൻ ഹന്നായ്ക്കും യുയാക്കീമിനും സാദ്ധ്യമായത് ദൈവസന്നിധിയിൽ സമർപ്പിതരായതു കൊണ്ടാണ്. യുയാക്കീം മലയിൽ ഇരുന്ന് പ്രാർത്ഥിക്കുമ്പോഴും ഹന്നാ വീട്ടിലിരുന്ന് പ്രാർത്ഥിക്കുമ്പോഴും ഒരേസമയത്ത് ദൈവ ദൂതൻ 2 പേർക്കും പ്രത്യക്ഷപ്പെട്ട് കന്യകമറിയാമിന്റെ ജനന വാർത്ത അറിയിക്കുകയാണ്. ദൈവദൂതൻ വെളിപ്പെടുത്തലുകൾ അനുഭവമായി ജീവിതത്തിൽ നിലനിർത്തിയ, മാതാപിതാക്കളായിരുന്നു യുയാക്കീമും ഹന്നായും ദൈവാനുഭവങ്ങളുടെ ഏറ്റക്കുറച്ചിലുകളാണ് ക്രിസ്തീയ ജീവിതത്തിന്റെ സാക്ഷ്യം നഷ്ടപ്പെടുത്തുന്നത്.

3. ആരാധനയുംടെ സാക്ഷ്യം കുടുംബജീവിതത്തിൽ തിരക്കേറിയ ലോകത്തിൽ

വികസനത്തിന്റെ പാതയിൽ അർത്ഥവത്തായ കുടുംബജീവിതം എങ്ങനെ നയിക്കും എന്നത് ഗൗരവതരമായ വിഷയമാണ്. മാധ്യമങ്ങൾ മനുഷ്യനെ നിയന്ത്രിക്കുന്ന കാലഘട്ടം, സീരിയലുകൾ നമ്മുടെ വികാരത്തെ തൊട്ടുണർത്തുകയാണ്. അങ്ങനെ ഒരേ കർത്യമേശകളും ഒരേ ഭക്ഷണമേശകളും അന്യമാകുന്നു. കമ്പോള ഉപഭോഗസംസ്കാരം പരമ്പരാഗത മൂല്യങ്ങളെ തകർത്തു. പവിത്രമാകേണ്ട കുടുംബ ബന്ധങ്ങളിൽ ജീർണത സൃഷ്ടിച്ചു.

ഉല്പത്തി 22-ാം അദ്ധ്യായത്തിൽ അബ്രഹാം മകനായ ഇസഹാക്കിനെ ആരാധനയുടെ പശ്ചാത്തലത്തിൽ ശക്തിപ്പെടുത്തുന്നത്. മൂല്യബോധമുള്ള ഒരു തലമുറയെ കുടുംബസാഹചര്യങ്ങളിലൂടെ കരുപിടിപ്പിക്കുന്നതിനുള്ള അടിത്തറ ആയിരുന്നില്ലേ?

ആരാധനയുടെ അനുഭവം വിശ്വാസജീവിതത്തിന്റെ നിറഞ്ഞ ബോധ്യങ്ങളിലൂടെ ഇളം തലമുറയിലേക്ക് കൊടുക്കുവാൻ ഇരുത്തം വന്ന തലമുറയ്ക്ക് സാധിക്കണം.

ഗാന്ധിജിയുടെ നാട്ടിലെ വെറുപ്പിന്റെ വ്യാപാരവും അസഹിഷ്ണുതയും

ഫാ. സജി വർഗ്ഗീസ് അമയിൽ

ലോകരാഷ്ട്രങ്ങൾക്ക് മുമ്പിൽ വിസ്മയമായി നിലകൊണ്ട ഭാരതീയ ജനാധിപത്യം ദശാസന്ധി മുഹൂർത്തങ്ങളുടെ നടുവിലാണ്. വിവിധ മത സംസ്കൃതികളെ കോർത്തിണക്കി സ്വതന്ത്ര ഭാരത ഇൻഡ്യ സൃഷ്ടിച്ച സഹിഷ്ണത എന്ന മഹാവികാരത്തിന് ഉലച്ചിൽ സംഭവിച്ചിരി ക്കുന്നത് ഏറെ വിസ്ഫോടനാത്മകമായ അന്തരീക്ഷം ആണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ത്യൻ പാർലമെന്റ് അസഹിഷ്ണുതയെപറ്റി ചർച്ച ചെയ്തുതുടങ്ങി എന്ന് തിരിച്ചറിയുമ്പോൾ പ്രതിസന്ധിയുടെ ആഴവും പരപ്പും വ്യക്തമാണ്. 5000 സംവത്സരങ്ങൾ പഴക്കമുള്ള ഇന്ത്യൻ സംസ്കാരം കാലങ്ങളെ അതിജീവിച്ചത് സഹിഷ്ണത എന്ന വികാരത്തിന്റെയും പരസ്പരം പൊറുക്കുവാനും, ഉൾക്കൊള്ളുവാനുമുള്ള വലിയ മനസ്സിന്റെയും പിൻബലത്തിലാണ്.

വിടുവായത്തം പുലമ്പുന്ന ജനപ്രതി നിധികളും ദാദ്രിയുടെ വിലാപവും, സാംസ്കാരിക നായകന്മാരുടെ അറുംകൊലകളും, ഗോമാംസ ഭീകരതയും, കരിഓയിൽ പ്രയോഗവും , ബീഫ് ഫെസ്റ്റിവലുകളും, ശ്വാനതുല്യരായി പരിഗണിച്ച് തെരുവിൽ ചുട്ടെരിയപ്പെടുന്ന ദളിത് ബാല്യങ്ങളുമൊക്കെ ഇന്ത്യൻ ജനാധിപത്യ ത്തിന്റെ പേരിൽ അസ്വസ്ഥതകളുടെ കരിനിഴൽ വീഴ്ത്തുന്ന ദുർഭൂതങ്ങളാണ്. ആശയങ്ങളുടെയും രാഷ്ട്രീയ തത്വശാസ്ത്രങ്ങളുടെയും പിൻബലത്തിൽ ജനാധിപത്യ അധികാരം എന്ന ലക്ഷ്യം എളുപ്പത്തിൽ ലക്ഷ്യം കാണാതെ വരുന്നതുകൊണ്ട് ജാതി കോമരങ്ങളെ ഉദ്ദീപിപ്പിച്ച് സംഹാര താണ്ഡവം സൃഷ്ടിച്ച് വാഴവെട്ടുവാൻ ശ്രമിക്കുന്നവരാണ് ഇന്ത്യൻ ജനാധിപത്യം കശാപ്പുചെയ്യുന്നത്. ജാതീയത ഊതി പ്പെരുപ്പിച്ച് നേട്ടങ്ങൾ കൊയ്തെടു ക്കുന്നതിൽ ന്യൂനപക്ഷ ഭൂരിപക്ഷ വ്യത്യാസമില്ല.

ജനാധിപത്യത്തിന്റെ അടിസ്ഥാനം മതം ആകരുത് എന്ന ദീർഘദർശന വിവേകം ഇന്ത്യൻ ഭരണഘടനാ ശില്പികൾക്ക് ഉണ്ടായിരുന്നതുകൊണ്ടാണ് സെക്കുലറിസം എന്ന പാശ്ചാത്യ ആശയത്തിന് ഒരു പൗരസ്ത്യ പരിപ്രേക്ഷം നൽകി എല്ലാ മതത്തിനും തുല്യത എന്ന ആശയത്തോടു കൂടി ഇന്ത്യൻ ഭരണഘടനയുടെ സെക്കുലറിസ്റ്റിക് കാഴ്ചപ്പാടുകൾ അവതരി പ്പിക്കുകയും അത് ഇത്രയും നാൾ കാത്തുസൂക്ഷിക്കപ്പെടുകയും ചെയ്തത്. എന്നാൽ ഭരണഘടനയിൽ നിന്ന് സെക്കുലറിസം എന്ന ആശയം തന്നെ തുടച്ചുനീക്കപ്പെടണമെന്നാണ് ഇപ്പോഴത്തെ വാദം. പട്ടിണികൊണ്ട് മക്കളെ വിൽക്കേണ്ട ഗതികേടുള്ള രാജ്യത്ത് പട്ടിണിയുടെ ദൂരികരണത്തെപ്പറ്റിയല്ല ഫാസിസ്റ്റ് ശക്തികൾക്ക് തേരോട്ടം നടത്താൻ പാകത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ പരുവപ്പെടുത്തുവാനാണ് പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വികസന സാമ്പത്തിക സമീപനങ്ങളിൽ പഞ്ചപുഛമടക്കി പാശ്ചാത്യതയുടെ സൃഷ്ടിയായ നവ ലിബറൽ സിദ്ധാന്തങ്ങൾ പിൻതുടരുകയും ജനത്തെ തമ്മിലടിപ്പി ക്കുവാൻ ഭാരതീയത, ഹൈന്ദവത എന്നിങ്ങനെയുള്ള ആശയങ്ങളെ വ്യതം പോലെ ഉരുവിടുകയും ചെയ്യുന്നവരുടെ ലക്ഷ്യം

അധികാരമല്ലാതെ മറ്റൊന്നുമല്ല. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നോതിയ ഗുരുവചനങ്ങൾ പോലും ജാതിക്കോമരങ്ങൾ പുനർവായന നടത്തി ഫാസിറ്റ് മൂശയിൽ പുതിയ കുപ്പായവും, നിറവും, മണവും പകരുകയാണ്. ബഹുസ്വരതയാണ് ഇന്ത്യൻ ദേശീയതയുടെ ആത്മാവ് എന്ന സത്യം സൗകര്യപൂർവ്വം മറച്ചുവെയ്ക്കുന്നത് ശോഭനമായ നാളുകളെയല്ല രക്തരൂഷിതമായ ദിനങ്ങളെയാണ് പ്രദാനം ചെയ്യുന്നത്. കാലങ്ങളായി കാത്തുസൂക്ഷിക്കപ്പെട്ട ജനാധിപത്യവും മതേതരത്വവും പെട്ടെന്നൊരു നാൾ ആകസ്മികമായി ചോദ്യം ചെയ്യപ്പെടുകയല്ല മറിച്ച് ചില ആസൂത്രിത നീക്കങ്ങളുടെ ഫലമായി സംഭവിക്കുന്നതാണ്.

ഉഴുന്നുപരുപ്പും തുവരപ്പരിപ്പും ഉൾപ്പെടെ പയറുവർഗ്ഗങ്ങളുടെ വില മാനം മുട്ടെ ഉയർന്ന് വില കിലോയ്ക്ക് ഇരുനൂറു രൂപയിൽ അധികമായി നമ്മെ പേടിപ്പെടുത്തുമ്പോൾ, ദാരിദ്രരേഖയ്ക്ക് മുകളിൽ ഉള്ളവർക്കും താഴെയുള്ളവർക്കും റേഷൻ അരിയുടെ അളവ് ഗണ്യമായി വെട്ടിക്കുറയ്ക്കുമ്പോഴും മാവേലി സ്റ്റോറുകളും നീതി സ്റ്റോറികളും കാലിയാകുമ്പോഴും നാം ചർച്ചചെയ്യുന്നത് ഗോമാംസത്തിന്റെ രാഷ്ട്രീയമാണ്. വികസനമെന്ന മഹാമന്ത്രം ഉയർത്തി അധികാരത്തിലെത്തിയവർപോലും യാതൊരു നിയന്ത്രണവും ഇല്ലാതെ മതവിദ്വേഷം പുലമ്പുന്നു. അസ്ഥിരത യുടെയും അരാജകത്വത്തിന്റെയും ഭീതി ജനകമായ അന്തരീക്ഷം സൃഷ്ടിക്കുന്നവർക്ക് രാഷ്ട്രീയലക്ഷ്യം എന്ന അധികാര ഭ്രാന്ത് മാത്രമാണ് ഉള്ളത്.

ഗോമാംസത്തിന്റെ രാഷ്ട്രീയം

മൂന്നര സഹസ്രാബ്ദം മുമ്പ് മധ്യേഷ്യയിൽ നിന്ന് ഇന്ത്യയിൽ എത്തപ്പെട്ട് സിന്ധു നദീതീരങ്ങളിൽ വാസമുറപ്പിച്ച ആര്യന്മാരുടെ അധിനിവേശം മുതൽ പോർട്ടുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് അധിനിവേശങ്ങൾ വരെ



ഭാരതത്തിൽ വിവിധ കാലങ്ങൾ ഉണ്ടായിട്ടുണ്ട്. ആദിമകാലത്ത് ആർക്കും എപ്പോഴും ഏതു മാർഗ്ഗത്തിലൂടെയും കടന്നുവരുവാൻ കഴിയാവുന്ന മണ്ണായിരുന്നു ഭാരതഭൂമി. ഇവിടെയാണ് ബീഫ് കഴിക്കാനാ ഗ്രഹിക്കുന്നവർ പാക്കിസ്ഥാനിലേക്കു പൊയ്ക്കൊള്ളു എന്ന ആക്രോശം ചരിത്രമറിയാതെയാണ് എന്ന് പറയേണ്ടി വരുന്നത്. ഇന്ത്യൻ മതസംസ്കൃതി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സംവേദനത്തിൽ നിന്ന് ഉദയം ചെയ്തതാണ്. ഋഗ്, വേദാദി ഗ്രന്ഥങ്ങൾ തന്നെ ഇങ്ങനെ ഉദയം ചെയ്തതാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും പൂജാദി കർമ്മങ്ങളുമൊക്കെ പ്രകൃതിയെ സംരക്ഷിക്കുവാൻ വേണ്ടിയുള്ളതായിരുന്നു. കാലികളെ വളർത്തിയും കാർഷിക വൃത്തിചെയ്തും ഉപജീവനം ചെയ്ത പ്രാചീന സമൂഹത്തിന്റെ പ്രാർത്ഥനകളും കർമ്മങ്ങളുമാണ് പിൻകാലത്ത് വേദങ്ങളും മന്ത്രങ്ങളും ഉപനിഷത്തുകളുമായി വികസിച്ച് പരിണാമം പ്രാപിച്ചത്. യജ്ഞം ചെറുതായാലും വലുതായാലും പശുഹത്യ ഉൾപ്പെടെയുള്ള ഭക്ഷ്യമൃഗാദികളുടെ ബലി അനിവാര്യമായിരുന്നു. ബലി അർപ്പിക്കപ്പെടുന്ന മൃഗങ്ങളുടെ ഇറച്ചി യജ്ഞശേഷം പാകം ചെയ്ത് സോമരസം കൂട്ടി യാജ്ഞികർ ഉൾപ്പെടെ എല്ലാവരും കഴിച്ചിരുന്നു. ഇപ്രകാരം നിത്യേനയുള്ള പശുബലി കൃഷിയെ സാരമായി ബാധിച്ചു. പശുവിന്റെ ലഭ്യത കുറഞ്ഞുവന്നപ്പോൾ ഹോമിക്കപ്പെടുന്ന മൃഗത്തിന് സ്വർഗ്ഗം ലഭിക്കുമെന്ന് പ്രലോഭിപ്പിച്ച് പശുബലിയെ പ്രോത്സാഹിപ്പിച്ചു. മഹാനായ ബൃഹസ്പതി മഹർഷിയും കൂട്ടരുമാണ് വ്യാപകമായ പശുബലിയെ ചോദ്യം ചെയ്തത്. ആ ചോദ്യം ചെയ്യൽ ഗോമാംസത്തെപ്പറ്റിയുടെ ആശങ്കയിൽനിന്നായിരുന്നില്ല മറിച്ച് യാഗം അർപ്പിക്കുന്ന പശുവിന് സ്വർഗ്ഗം ലഭിക്കുമെന്ന പ്രചരണത്തിന്റെ പൊള്ളത്തരങ്ങൾക്കെതിരെയായിരുന്നു. യാഗം അർപ്പിക്കുന്ന പശുവിന് സ്വർഗ്ഗം ലഭിക്കുമെങ്കിൽ എന്തുകൊണ്ട് യാഗത്തിന്റെ യജമാനൻ തന്റെ സ്വന്തം പിതാവിനെ യാഗം അർപ്പിക്കുന്നില്ലാ എന്നാണ് അദ്ദേഹം വാദിച്ചത്. ഇത്തരം ഉത്തരം മുട്ടിയുള്ള ചോദ്യങ്ങൾക്കുനടുവിലാണ് പശുബലി ഉപേക്ഷിക്കപ്പെട്ടത്. പുരാണകാലം മുതൽ നായാട്ടിനെപ്പറ്റി പരാമർശിക്കുമ്പോൾ അവിടെ മാംസഭക്ഷണം നിഷേധിച്ചിരുന്നു എന്നാണ് ആർക്കാണ് വാദിക്കുവാൻ കഴിയുക. ഭാരതീയർ നൂറ്റാണ്ടുകളായി തങ്ങളുടെ ഭക്ഷണക്രമത്തിൽ ഗോമാംസം ഉൾപ്പെട്ടുത്തിയിട്ടുണ്ട് എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. മാംസഭക്ഷണ ശീലം മനുഷ്യന്റെ ഒരു സ്വാഭാവിക പ്രകൃതിയായിട്ടാണ് മനുസ്മൃതി പോലും

വിലയിരുത്തുന്നത്. ഭാരതത്തിലെ ഹൈന്ദവ സമൂഹത്തിലെ ഭൂരിഭാഗം വരുന്ന ദളിത് വിഭാഗം ഗോമാംസത്തെ തങ്ങളുടെ വ്യക്തിത്വത്തിന്റെയും തനിമയുടെയും ഭാഗമായിട്ടാണ് കാണുന്നത്. സർക്കാരുകൾ മാറിമാറി വന്നിട്ടും മാംസക്കയറ്റുമതി ഭാരതീയ കയറ്റുമതി വിപണിയുടെ പ്രധാന ഭാഗമാണ്. ഇതൊന്നും പരിഗണിക്കാതെ വെറും ന്യൂനപക്ഷമായ ബ്രാഹ്മണ ശീലങ്ങളെ ഗോമാംസ വിരുദ്ധതയുടെ അടിസ്ഥാനമായി പരിഗണിച്ച് അത് ഹൈന്ദവ മതത്തിന്റെ വിശ്വാസമായി ചിത്രീകരിച്ച് കലാപങ്ങൾ സൃഷ്ടിക്കുവാനുള്ള ഗോമാംസരാഷ്ട്രീയമാണ് നമുക്കുചുറ്റും ശക്തിയാർജ്ജിക്കുന്നത്.

മുദ്രാവാക്യങ്ങളുടെ അഭാവം

വ്യത്യസ്തമാർന്ന ജനവിഭാഗത്തെ ഒരുമിച്ചു ചേർത്തുനിർത്താനുള്ള മുദ്രാവാക്യങ്ങളുടെ അഭാവമാണ് വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുന്നത്. അർദ്ധനഗ്നനായ ഫക്കീർ ഉയർത്തിയ സ്വദേശീ മുദ്രാവാക്യം മുതൽ ഗരീബി ഘട്ടാവോ വരെയുള്ള വിവിധ മുദ്രാവാക്യങ്ങൾ ഭാരതീയ ജനതയെ മതവൈജാത്യങ്ങൾ മറന്ന് ഒന്നുചേരുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ഒറ്റക്കക്ഷി എന്നസങ്കൽപ്പം തകർക്കപ്പെടുകയും വിവിധ പ്രാദേശിക വികാരങ്ങൾക്ക് സ്വാധിനമുള്ള കൂട്ടുകക്ഷി എന്ന സംവിധാനം ശക്തിയാർജ്ജിക്കുകയും ചെയ്ത ഭാരത മണ്ണിൽ ഇപ്പോൾ വർഗ്ഗീയതയാണ് ചിലർ മുദ്രാവാക്യമായി ഉയർത്തിക്കൊണ്ടുവരുന്നത്. ശ്രീരാമ പരമഹംസനും ശ്രീബുദ്ധനും, സ്വാമി വിവേകാനന്ദനുമൊക്കെ മുന്നോട്ടുവച്ച ജാതിയുടെ വേർതിരിവില്ലാത്ത ദർശനം ഇന്ന് വെല്ലുവിളിക്കപ്പെടുകയാണ്. ഒരുനൂറ്റാണ്ടുമുമ്പ് സ്വാമി വിവേകാനന്ദൻ ഈ അപകടം തിരിച്ചറിഞ്ഞ് നമ്മെ ഓർമ്മിപ്പിച്ചത് ഇപ്രകാരമാണ്. "ഓരോ മതവും അതിന്റെ സിദ്ധാന്തങ്ങളെ പ്രഖ്യാപിച്ച് അവമാത്രം സത്യം എന്ന് ശഠിക്കുന്നു. മാത്രമല്ല അവയിൽ വിശ്വസിക്കാത്തവൻ ഒരു ഭയങ്കരമായ സ്ഥാനത്ത് ചെല്ലുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. അവർ വിശ്വസിക്കുന്നതുപോലെ മറ്റു ജനങ്ങളെക്കൊണ്ട് വിശ്വസിപ്പാൻ അവർ വാളെടുക്കുകപോലും ചെയ്യുന്നു". വേറിട്ട ശബ്ദങ്ങൾക്കും വേറിട്ട മതങ്ങൾക്കും ബഹുമാനം നൽകുന്നതാണ് ഭാരതീയ ജനാധിപത്യത്തിന്റെ ശക്തിയെന്നത് മറക്കുന്നവരാണ് രാഷ്ട്രപതി പ്രണാബ് മുഖർജിയുടെ ഭാഷയിൽ പുതിയ അസുരജന്മങ്ങൾ. മതത്തിനും ജാതിക്കും അപ്പുറം ഇന്ത്യൻ സമൂഹത്തെ കാണുവാൻ കഴിയാത്തവർ മതത്തെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന മതാത്മക ദേശീയതയുടെ മുദ്രാവാക്യങ്ങൾ ഉയർത്തുന്നു. ഇത് ഇന്ത്യപോലെയുള്ള ബഹുസ്വരതയുടെ നാട്ടിൽ ചോരക്കളങ്ങൾ മാത്രമെ സൃഷ്ടിക്കുകയുള്ളൂ. ജനതയെ ത്രസിപ്പിക്കുവാനുള്ള മുദ്രാവാക്യങ്ങൾ കണ്ടുപിടിക്കുവാൻ കഴിയാത്ത പാപ്പരത്തം വിശ്വാസത്തിന്റെ പേരിൽ വാളെടുക്കുവാൻ ചിലരെ പ്രോത്സാഹിപ്പിക്കുന്നുവെങ്കിൽ ഈ പ്രളയം തടുത്തുനിർത്തുവാൻ ആരെക്കൊണ്ടും കഴിയുകയില്ല. മതത്തിന്റെയും ജാതിയുടെയും പേരിൽ പൗരനെ വേറിട്ടുകാണുന്നവർ മതവിശ്വാസിയല്ല അവന്റെ പേരാണ് മതതീവ്രവാദി എന്ന് നമുക്കോർത്തിരിക്കാം.

നവലിബറൽ സിദ്ധാന്തങ്ങൾ

വിഭജിച്ച് ഭരിക്കുക എന്നത് പഴയ കൊളോണിയൽ തന്ത്രമാണ്. എന്നാൽ അവ പുതിയ രൂപത്തിൽ നവലിബറൽ സിദ്ധാന്തങ്ങളിലൂടെ പുനർജനിച്ചിട്ടുണ്ട്. സംഘബോധം നഷ്ടപ്പെട്ട സമൂഹം നവ ലിബറൽ സിദ്ധാന്തങ്ങളുടെ തരിത വളർച്ചയ്ക്ക് അത്യാവശ്യമാണ്. മതഭേദങ്ങൾക്കപ്പുറം ജനത ഒന്നിച്ചു നിന്നാൽ അതിരൂക്ഷമായ ജനകീയ പ്രതിരോധങ്ങളെ നേരിടേണ്ടിവരുമെന്നറിയാവുന്ന നവ ലിബറൽ സിദ്ധാന്ത ശില്പികൾ ജനങ്ങളെ തുരുത്തുകളാക്കുവാനാണ് എപ്പോഴും ശ്രമിക്കുന്നത്. മതത്തിന്റെ പേരിൽ പരസ്പരം വിദ്വേഷം സൃഷ്ടിക്കുകമാത്രമല്ല അതുവഴി വെറുപ്പിന്റെ വ്യാപാരം എന്ന കമ്പോളത്തിലൂടെ ലാഭം കൊയ്യുക കൂടെ ചെയ്യുന്നു. ഭാരതീയ എന്നത് പ്രാണവായുപോലെ കൊണ്ടുനടന്ന് തൊണ്ടകീറുന്നവർ നടപ്പാക്കാൻ ശ്രമിക്കുന്നത് അംബാനി അദാനി മാർക്ക് പ്രിയമുള്ള നവ ലിബറൽ സിദ്ധാന്തങ്ങളാവുമ്പോൾ ഭക്ഷണവും, വേഷവും, എഴുത്തുമൊക്കെ വിവാദമാക്കപ്പെടുകയും അതുവഴി ജീവനെടുക്കുകയും ചെയ്യുന്ന പതിവു പരിപാടികൾ തുടരുകതന്നെ ചെയ്യും.

ശക്തിയാർജ്ജിക്കുന്ന പ്രാദേശികത

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പുതിയ മുഖമായി പ്രാദേശിക കൂട്ടുകെട്ടുകളും മുന്നണികളും ശക്തിയാർജ്ജിക്കുന്നു. കേന്ദ്ര സംസ്ഥാനഭരണത്തിന്റെ സ്ഥിരം സമവാക്യങ്ങളെ ഈ പ്രാദേശിക ശക്തീകരണം വെല്ലുവിളിക്കുന്നു. പ്രാദേശിക രാഷ്ട്രീയത്തിന് പ്രധാന മൂലധനം ജാതിയും മതവുമാണ്. ജാതിമത ശക്തികളെ വോട്ടുബാങ്കുകളായി നിലനിർത്തി അധികാരത്തിലേക്കുള്ള പ്രവേശനം എളുപ്പമാക്കാനുള്ള അമിതാവേശം ഇന്ത്യൻ രാഷ്ട്രീയത്തിൽ ശക്തമാണ്. അധികാരം നിലനിർത്തണമെങ്കിൽ ജാതിമത ശക്തികളെ സന്തോഷിപ്പിക്കണം എന്നത്

പരസ്യമായ രഹസ്യമാണ്. അതുകൊണ്ടാണ് ഭരണപരമായ ഉത്തരവാദിത്തങ്ങളെക്കാൾ ജാതിപരമായ വിവേചനങ്ങൾക്ക് പ്രസക്തി കൈവരുന്നത്.

നഷ്ടബോധങ്ങളുടെ ഊതിപ്പെരുപ്പിക്കൽ

സാമ്പത്തിക അരാജകത്വത്തിന്റെയും തൊഴിലില്ലായ്മയുടെയും അവഗണന യുടെയും നടുവിൽ വലയുന്ന ഭാരതീയ യൗവ്വനങ്ങളോട് മറുനാട്ടിൽനിന്ന് വന്നവനാണ് നിന്റെ ദുരിതത്തിന് കാരണം എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് തങ്ങളുടെ വർഗ്ഗീയ ഫാസിസ്റ്റ് അജണ്ടയുടെ അന്ധമായ അനുയായികളായി അവരെ മാറ്റിയെടുക്കുന്നു. ഭാരത്തിന്റെ ചരിത്രം തേരോട്ടങ്ങളുടെ ചരിത്രമാണ്. ആര്യന്മാരുടെ കുടിയേറ്റ ചരിത്രത്തിനു മുമ്പുതന്നെ ഈ മണ്ണ് അധികാരമോഹവുമായി തലങ്ങും വിലങ്ങും പടയോട്ടം നടത്തിയ വിവിധ ശക്തികളുടെ നാടായിരുന്നു. വിദേശയനും സ്വദേശിയനു മൊക്കെ ഇവിടെ അധികാരത്തിന്റെ യാഗാശ്വങ്ങളെ തത്വദീക്ഷയില്ലാതെ നയിച്ചിട്ടുണ്ട്. പിടിച്ചെടുക്കലിന്റെ ചരിത്രം ഈ മണ്ണിലെ മഹാരാജാക്കന്മാരുടെ ചരിത്രമാണ്. അധികാരത്തിന്റെ അകത്തളങ്ങളിൽ ഓശാന പാടിയ ബ്രാഹ്മണ പൗരോഹിത്യത്തിനും നമ്പൂതിരി ഇല്ലങ്ങൾക്കും ആശ്രിതവത്സ ലർക്കും കരമൊഴിവായി പതിച്ചുനൽകിയ കണക്കില്ലാത്ത ഭൂമിയല്ലാതെ ഇവിടുത്തെ സാധാരണക്കാരന്റെ അവകാശം ആരാണ് സംരക്ഷിച്ചത്. നമ്പൂതിരി ഇല്ലങ്ങൾക്കും ബ്രാഹ്മണ മേധാവിത്വത്തിനും സ്വത്തി ന്മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതിൽ പുറത്തുനിന്നു വന്നവരുടെ ഇടപെടലേക്കാൾ സ്വന്തം അന്ത:ഛിദ്രങ്ങളും ആഢംബരവും ജീവിതശൈലികളും കാരണമായിത്തീർന്നു എന്നതിന് ചരിത്രം സാക്ഷി. എല്ലാറ്റിനും കാരണക്കാരും പുറത്തുള്ളവർ എന്നചിന്ത ആളിപ്പടരുന്ന അസഹിഷ്ണുതയ്ക്ക് കാരണമായി ഉപയോഗിക്കപ്പെടുമ്പോൾ ആരാണ് അകത്തുള്ളവർ എന്നതിനും ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. ഹൈന്ദവ സംസ്കാരം എന്നതിനെ ഹൈന്ദവ മതം എന്ന സംഘടിത ശക്തികൊണ്ട് പുനർവായിക്കുവാൻ ശ്രമിക്കുന്നവർ മൂന്നര സഹസ്രാബ്ദം മുമ്പ് പല കാലങ്ങളായി രൂപപ്പെട്ടു എന്നുകരുതുന്ന കാവ്യസൃഷ്ടി കളായ വേദഗ്രന്ഥങ്ങളിലോ അതിനു ശേഷമുണ്ടായ ബ്രാഹ്മണങ്ങളിലോ ഉപനിഷത്തുകളിലോ പുരാണങ്ങളിലോ ഇതിഹാസങ്ങളിലോ ഭഗവത് ഗീതയിലോ ഹിന്ദുമതം എന്ന സംഘടിത ശക്തിയെപ്പറ്റി പരാമർശങ്ങളില്ലാ എന്നോർക്കുന്നത് നല്ലതാണ്. 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശങ്കാരാചാര്യർ തന്റെ കൃതികളിലെവിടെയും ഹിന്ദു എന്ന വാക്കുപയോഗിച്ചിട്ടില്ല. ഭാരതീയ ചരിത്ര വ്യാഖ്യാനത്തിന്റെ പിതാവെന്ന റിയപ്പെടുന്ന അൽബറൂണിയാണ് ഹിന്ദു എന്ന പദം ആദ്യമായി ഉപയോഗിച്ചു. പിന്നീട് 1830 കളിൽ ബ്രിട്ടീഷ് കൊളോണിയൽ ശക്തികൾ അതിന് വ്യാപകമായി പ്രചരണം നൽകിയത്. ഇന്നലകളെ ശരിക്കും പഠനവിധേയമാക്കാതെ, ഇന്നലെകൾ എന്തണ് യഥാർത്ഥത്തിൽ സംഭവിച്ചത് എന്ന് തിരിച്ചറിയാതെ ചിലരെ പുറത്തുനിന്നു ള്ളവർ എന്ന് മുദ്രയടിക്കുന്നത് വർഗ്ഗീയ ഫാസിസ്റ്റുകളുടെ സ്ഥിരം ശൈലിയാണ്.

പൊതു ഇടങ്ങളുടെ നഷ്ടപ്പെടൽ

മതത്തിന്റെ വേലിക്കെട്ടുകൾ ബാധകമല്ലാത്ത പൊതു ഇടങ്ങൾ മതേതര കാഴ്ചപ്പാടുകളെ സംരക്ഷിച്ചിരുന്നു. എന്നാൽ ആഗോളവൽക്കരണം ഉൾപ്പെടെയുള്ള നവസിദ്ധാന്തങ്ങൾ ഉൾവലിയൽ പ്രോത്സാഹി പ്പിച്ചപ്പോൾ പൊതു ഇടങ്ങളിൽ നിന്ന് സ്വകാര്യ ഇടങ്ങളിലേക്കും സൈബർ ഇടങ്ങളിലേക്കും സമൂഹം ഉൾവലിഞ്ഞു. വർഗ്ഗത്തിന്റെയും ജാതിയുടെയും വേർതിരിവുകളില്ലാതെ ഉത്സവങ്ങളും പെരുന്നാളുകളും ഏറ്റെടുത്ത ഒരു ജനത ഇവിടെ മരിക്കുകയും എല്ലാറ്റിനെയും മതത്തിന്റെ വേലിക്കെട്ടിൽ തളച്ച് പ്രവേശനം ജാതിയുടെ അടിസ്ഥാനത്തിൽ മാത്രം നിർണ്ണയിക്കുകയും ചെയ്യുന്ന ജാതീയത അതിന്റെ ഫാസിസ്റ്റ് സ്വഭാവം ഉഗ്രസ്വരൂപി ണിയായി പ്രകടിപ്പിക്കുവാൻ തുടങ്ങുകളും ചെയ്യുന്നു. കലയ്ക്കും സംഗീതത്തിനും കായികവിനോദങ്ങൾക്കും വരെ ഇപ്പോൾ ജാതീയതയുടെ വേർതിരിവുകളാണ്. വിഖ്യാത പാക് ഗായകൻ ഗുലാം അലിക്ക് ഭാരതമണ്ണിൽ പാട്ടുപാടുവാൻ അവസരം നിഷേധിക്കവഴി, ഇന്ത്യാ-ദക്ഷിണാഫ്രിക്ക ഏകദിനത്തിൽ പാക് അമ്പെയർ അലീം ദാരിനെ തടയുക വഴി, ഇന്ത്യാ-പാക് ക്രിക്കറ്റ് നയതന്ത്രത്തിന് ആജീവനാന്ത ഭീഷണി ഉയർത്തുക വഴി, മതഭ്രാന്തിന്റെ പൊയ്മുഖങ്ങളെ ചോദ്യം ചെയ്ത കൽബുറഗിയുടെ കൊലപാതകം വഴി ഇവിടെ സൃഷ്ടിക്കപ്പെടുന്നത് മതത്തിന്റെ വേലിക്കെട്ടുകൾ ഉള്ളിൽ ചുരുങ്ങുന്ന ലോകമാണ്. ജുർഗ്ഗൻ ഹെബർമാസിനെ പ്പോലുള്ളവരുടെ പൊതുഇടങ്ങളുടെ സംരക്ഷണം എന്ന പ്രവാചക ദൗത്യം ഏറ്റെടുക്കുക മാത്രമാണ് ജാതിക്കോമരങ്ങളെ എതിർക്കുവാൻ ഏക പോംവഴി.

അപരത്വങ്ങളുടെ നിർമ്മാണം

വർഗ്ഗീയ ഫാസിസ്റ്റുകൾ എക്കാലവും വിജയം കാണുന്നത് ഒരു പൊതു ശത്രുവിനെ അവതരിപ്പിച്ചുകൊണ്ടാണ്. മതത്തിന്റെ പേരിൽ

ജനത്തെ സംഘടിപ്പിക്കുവാൻ ഇത്തരം ചില പൊതുശത്രുക്കളെ ഈ കൂട്ടർക്ക് സാങ്കൽപ്പികമായോ തൽക്കാല ത്തേക്കോ സൃഷ്ടിക്കേണ്ടിവരും. എന്റെ മതം വേറെയാണെന്നും അപരൻ എന്റെ ശത്രുവാണെന്നും അവനാണ് എന്റെ മതത്തിന്റെ വളർച്ചയ്ക്ക് തടസ്സമെന്നും പഠിപ്പിച്ചാൽ മാത്രമേ വർഗ്ഗീയ ഫാസിസം വേരോടൂ. എന്റെ മതം ശക്തിയാർജ്ജി ക്കുവാൻ അപരനും അവന്റെ മതവും ഇല്ലാതെയാകണം എന്ന അപകടകരമായ ചിന്ത ഉപബോധമനസ്സിൽ അടിച്ചേൽപ്പി ക്കുമ്പോൾ വെറുപ്പിന്റെ വിപണനം ഇവിടെ ശക്തിയാർജ്ജിക്കുന്നു.

സവർണ്ണതയുടെ പുനസ്ഥാപനം

തലസ്ഥാന നഗരിക്കരുത്ത് ഫരീദാ ബാദിൽ ചുട്ടെരിയപ്പെട്ട ദളിത് ബാല്യങ്ങൾ ഇന്ത്യൻ ജനാധിപത്യം ഈ അടുത്ത കാലത്തെങ്ങളും കാണാത്ത ക്രൂരതയുടെ നേർസാക്ഷ്യമാണ്. ഇന്ത്യൻ സായുധ സേനയുടെ ഉത്തരവാദിത്ത സ്ഥാനം അലങ്കരിച്ചശേഷം കേന്ദ്രമന്ത്രിസഭയിൽ അംഗമായ ഉന്നതന്റെ പ്രതികരണം ഇപ്പോൾ നടക്കുന്ന സംഭവങ്ങൾ സവർണ്ണ ജാതീയതയുടെ തിരിച്ചുവരവാണ് എന്നതിന് തെളിവാണ്. തെരുവു നായ്ക്കളെപ്പോലെ ദളിത് ബാല്യങ്ങളെ കാണുന്ന സവർണ്ണബോധമാണ് ജാതീയതയ്ക്ക് ആവേശം പകരുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ നടത്തിപ്പിൽ ന്യൂനപക്ഷത്തിന്റെ മുന്നേറ്റം ഈ കൂട്ടർ ചൂണ്ടിക്കാണിച്ച് വിലപിക്കുമ്പോൾ ഇതിന് കാരണക്കാർ തങ്ങളുടെ സവർണ്ണ ബോധം തന്നെയാണെന്ന് തിരിച്ചറിയണം. സ്ത്രീകൾക്കും അധകൃതനും വിദ്യാഭ്യാസം നിഷേധിച്ച് കടൽ കടന്നെത്തുന്നതിനെ നഖശിഖാന്തം എതിർത്ത് മുന്നേറിയ സവർണ്ണതയുടെ കാലോചിതമല്ലാത്ത ചിന്തകളാണ് വിദ്യാഭ്യാസ മേഖലയിൽ കുറഞ്ഞത് ഒരു നൂറ്റാണ്ടെങ്കിലും തങ്ങളെ പിന്നോട്ടടിച്ചത് എന്നത് മറച്ചുവയ്ക്കുന്നതെന്തിനാണ്. ഹിന്ദുവിന്റെ ഏകീകരണം വഴി അധികാരം നിലനിർത്തണമെങ്കിൽ ഇവിടുത്തെ ദളിത് വിഭാഗത്തെക്കൂടെ ആ ഏകീകരണത്തിന്റെ കീഴിൽ കൊണ്ടുവരണ്ടവരും. എന്നാൽ ദളിത് മുന്നേറ്റത്തിന് നാന്ദികുറിക്കുമായിരുന്ന മണ്ഡൽ കമ്മീഷനെ മന്ദിർ മുദ്രാവാക്യം ഉയർത്തി അട്ടിമറിച്ചവർ ദളിതന്റെ അവകാശങ്ങളെ ഒരിക്കലും അംഗീകരിക്കുന്നില്ല. കാരണം ജാതീയത നിലനിൽക്കണമെങ്കിൽ ഇവിടെ സവർണ്ണബോധം നിലനിർത്തിയേ തീരൂ.

മധ്യവർഗ്ഗം എന്ന ഇര

ജാതീയതയുടെ പ്രധാനപ്പെട്ട സാമൂഹിക ഇടമായി കരുതപ്പെടുന്നത് മധ്യവർഗ്ഗമാണ്. മധ്യവർഗ്ഗത്തിന്റെ അസ്വസ്ഥതകൾ ശരിയായി മുതലെടുത്ത് ജാതീയതയുടെ കുതിപ്പിനാവശ്യമായ ഗതിവേഗം കൈവരിക്കുക എന്ന ചിന്തയാണ് വർഗ്ഗീയ ഫാസിറ്റുകളെ ഭരിക്കുന്നത്. സ്വന്തം സംസ്കാരവും മൂല്യങ്ങളും യാതൊരു തത്വദീക്ഷയുമില്ലാതെ പണയം വയ്ക്കുന്നതിൽ മദ്ധ്യവർഗ്ഗത്തിനുള്ള ചാഞ്ചാട്ടം ഇവിടെ മുതലെടുക്കപ്പെടുന്നു. ഏതുവിധേനയും സമ്പത്ത് സ്വന്തമാക്കുക സമൂഹത്തിൽ ഉയർന്ന തലത്തിലുള്ളവരെ സ്വന്തം പരിമിതികൾ മറന്ന് അനുകരിക്കുക അതുവഴി വലിയ കടക്കെണിയിൽ ചെന്ന് പെടുക തുടങ്ങിയവയൊക്കെ മധ്യവർഗ്ഗത്തിന്റെ സ്ഥിരം ശീലങ്ങളാണ്. ഇന്നലെകളുടെ മഹത്തായ പൈതൃകങ്ങളെ പെട്ടെന്ന് മറക്കുന്നവരെയും കളിപ്പാവകൾപോലെ കൊണ്ടുനടക്കാൻ സാധിക്കുന്നവരെയും ആണ് തങ്ങൾക്കാവശ്യം എന്ന ചിന്തയാണ് ജാതീയതയുടെ മധ്യവർഗ്ഗ പ്രണയത്തിന്റെ അടിസ്ഥാനം.

ഉപസംഹാരം

നമുക്കുചുറ്റും അപരനെയും അപരത്വങ്ങളെയും സൃഷ്ടിച്ച് വെറുപ്പിന്റെ വ്യാപാരം നടത്തി അധികാര കച്ചവടം നടത്തുന്നവരെ പ്രതിരോധിക്കേണ്ടത് ജനാധിപത്യത്തിന്റെ ധർമ്മമാണ്. വൈവിധ്യങ്ങളെ അംഗീകരിക്കുവാനുള്ള മനസ്ഥിതിയുടെ ശാക്തീകരണം, പൊതുകൂട്ടായ്മകളുടെ ശാക്തീകരണം, അയൽപക്ക ബന്ധങ്ങളുടെ ശാക്തീകരണം, അർത്ഥപൂർണ്ണമായ സംവാദങ്ങൾ, ത്രസിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ തുടങ്ങിയവയൊക്കെ ഇവിടെ ശക്തിയാർജ്ജിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യത്തിന്റെ ആണിക്കല്ലുകൾ ഇളക്കുവാനുള്ള ശ്രമങ്ങളെ ജനാധിപത്യ ബോധത്തോടെ പ്രതിരോധിക്കുവാൻ നാം ഉണരേണ്ടിയിരിക്കുന്നു. ന്യൂനപക്ഷങ്ങൾ എങ്ങനെ ജീവിക്കണം, എന്തു ഭക്ഷണം കഴിക്കണം, എന്തു വസ്ത്രം ധരിക്കണം, ആരെ വിവാഹം കഴിക്കണം, എത്ര കുട്ടികൾ ഉണ്ടാകണം ഇവയൊക്കെ തങ്ങൾ തീരുമാനിച്ചുകൊള്ളാം എന്ന് വർഗ്ഗീയ ഫാസിസ്റ്റുകൾ സ്വപ്നം കാണുമ്പോൾ അതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയുന്നില്ലായെങ്കിൽ അവസാനം അവർ എന്നെ തേടിവന്നു പക്ഷേ എനിക്കുവേണ്ടി വാദിക്കുവാനും വിലപിക്കുവാനും ആരും ഉണ്ടായില്ല എന്ന പഴയ ഫാസിസ്റ്റുകാലത്തെ ഇരകളുടെ വിലാപം ഭാരതമണ്ണിൽ ആവർത്തിക്കപ്പെടുക തന്നെ ചെയ്യും.

●

തോറ്റത് അഹംബോധം മാത്രം

ഡോ. എം. കുര്യൻ തോമസ്

www.orthodoxchurch.in
www.orthodoxchurch.tv
www.orthodoxchurch.fm

അര നൂറ്റാണ്ടിനടുത്തായി മലങ്കര സഭയിൽ തുടരുന്ന മൂന്നാം സമുദായക്കേസിന് ഏതാണ്ട് വിരാമമിടുന്ന ഒരു സുപ്രധാന വിധിയാണ് 2017 ജൂലൈ 3-ന് സുപ്രീം കോടതി പുറപ്പെടുവിച്ചത്. കോലഞ്ചേരി, മണ്ണത്തൂർ, വാരിക്കോലി എന്നീ മൂന്നു പള്ളികളുടെ വിധിനടത്ത് ചോദ്യംചെയ്ത് യാക്കോബായ വിഭാഗം നൽകിയതും കീഴ്കോടതികൾ തള്ളിയതുമായ കേസുകളിലെ അപ്പീൽ ഹർജികൾ തള്ളിക്കൊണ്ടാണ് ജ. അരുൺ മിശ്ര, ജ. അമിതാവ് റോയ് എന്നിവരടങ്ങിയ ബഞ്ച് മലങ്കരയിലെ എല്ലാ പള്ളികളേയും ബാധിക്കുന്ന ഈ വിധി പുറപ്പെടുവിച്ചത്. ജൂലൈ 5-ന് നെച്ചൂർ, കണ്യാട്ടുനിരപ്പ് എന്നീ പള്ളികളേപ്പറ്റിയും സമാനവിധി പുറപ്പെടുവിച്ചു.

ജൂലൈ 3 വിധിയിലെ പ്രധാന വസ്തുതകൾ താഴെ പറയുന്നവയാണ്.

1. 1995-ലെ സുപ്രീം കോടതി വിധി ഇടവകപ്പള്ളികൾക്ക് ബാധകമാണ്.

2. 1934-ലെ മലങ്കര സഭാ ഭരണഘടനയനുസരിച്ചു മാത്രം ഇടവകപ്പള്ളികൾ ഭരിക്കപ്പെടണം.

3. 2002-ലെ യാക്കോബായ ഭരണഘടന അസാധുവാണ്.

4. 1934-ലെ മലങ്കര സഭാ ഭരണഘടന ഒഴികെയുള്ള ഉടമ്പടികളുംമറ്റും ഇടവകപ്പള്ളി ഭരണത്തിനു ഉപയോഗിക്കാൻ പാടില്ല.

കേവലം മൂന്നു പള്ളികളെ സംബന്ധിച്ചുള്ള ഒരു വിധിയാണെങ്കിലും മലങ്കര സഭയിലെ യാക്കോബായ വിഭാഗത്തിന്റെ നിലനിൽപ്പിനെത്തന്നെ പാടെ തകർത്തുകളഞ്ഞ ഒന്നാണ് ഈ വിധിന്യായം എന്ന വിലയിരുത്തൽ പൂർണ്ണമായും ശരിയാണ്. ഇത് മനസിലാക്കണമെങ്കിൽ ഈ വ്യവഹാര പരമ്പരയുടെ ചരിത്രം ചുരുക്കത്തിൽ മനസിലാക്കേണ്ടിയിരിക്കുന്നു.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായും പിന്നീട് മാർത്തോമ്മാസഭ എന്നറിയപ്പെട്ട നവീകരണവിഭാഗത്തിന്റെ സ്ഥാപകൻ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസും തമ്മിൽ 1877-ൽ ആരംഭിച്ചതും, 1889-ൽ തിരുവിതാംകൂർ റോയൽകോടതി വിധിയോടെ അവസാനിച്ചതുമായ *സെമിനാരിക്കേസ്* എന്നറിയപ്പെടുന്ന വ്യവഹാരത്തിലാണ് 2017 ജൂലൈ 3 വിധിയിൽ എത്തി നിൽക്കുന്ന വ്യവഹാര പരമ്പരയുടെ മൂലം സ്ഥതിചെയ്യുന്നത്. മാർ ദീവന്നാസ്യോസ് അഞ്ചാമന് ഈ കേസിൽ പരിപൂർണ്ണവിജയം ലഭിച്ചെങ്കിലും അദ്ദേഹത്തെ പിന്തുണച്ചിരുന്ന അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് പത്രോസ് ത്രിതീയൻ നേരിട്ടത് വമ്പൻ തിരിച്ചടിയാണ്. അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കര സഭയിൽ ലൗകീകാധികാരം (Temporal authority) ഇല്ലന്നും, മലങ്കര അസോസിയേഷന്റെ തിരഞ്ഞെടുപ്പു കൂടാതെ ആർക്കും മെത്രാൻപട്ടം നൽകാൻ പാടില്ലന്നും, മലങ്കര മെത്രാപ്പോലീത്താ സ്വദേശിയായിരിക്കണമെന്നും കോടതി

അസന്നിഗ്ദമായി വ്യക്തമാക്കി.

തന്റെ അധീശത്വ മോഹങ്ങൾക്ക് തിരച്ചടി നൽകിയ ഈ വിധിയെ മറികടക്കാൻ പത്രോസ് ത്രിതീയൻ, അന്ത്യാഖ്യാ പാത്രിയർക്കീസിന് മലങ്കരയിൽ ലൗകീകാധികാരം ഉണ്ടെന്ന് മലങ്കര മെത്രാപ്പോലീത്തായും അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയും രജിസ്റ്റർ ചെയ്ത ഉടമ്പടി നൽകാൻ തുടർച്ചയായി ആവശ്യപ്പെട്ടു. എന്നാൽ മാനേജിംഗ് കമ്മറ്റിയും, തന്റെ മരണംവരെ മാർ ദീവന്നാസ്യോസ് അഞ്ചാമനും ഈ ആവശ്യത്തിനു വഴങ്ങിയില്ല.

പിന്നീട് കേരളത്തിലെത്തിയ അന്ത്യാഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദള്ളാ ദ്വിതീയൻ, മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പിൻഗാമി വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമനോട് ഇതേ ആവശ്യം ഉന്നയിക്കുകയും മുൻഗാമിയേപ്പോലെ അദ്ദേഹവും അത് നിരസിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് 1911-ൽ അബ്ദള്ളാ ദ്വിതീയൻ പാത്രിയർക്കീസ്, മാർ ദീവന്നാസ്യോസ് ആറാമനെ മുടക്കി. ഇരുവിഭാഗത്തെയും പിന്തുണയ്ക്കുന്ന കക്ഷികൾ മലങ്കരയിൽ ഉണ്ടായി. പാത്രിയർക്കീസിനെ പിന്തുണയ്ക്കുന്ന വിഭാഗം അന്ന് *ബാവാ കക്ഷി* എന്നും, മലങ്കര മെത്രാപ്പോലീത്തായോടൊപ്പം നിന്ന വിഭാഗം *മെത്രാൻ കക്ഷി* എന്നും അന്ന് അറിയപ്പെട്ടു. ഇത് ഒരു വ്യവഹാര പരമ്പരയ്ക്കുതന്നെ തിരികൊളുത്തി. സെമിനാരിക്കേസ്, വട്ടിപ്പണക്കേസ് മുതലായ പരുകളിൽ അവയിലെല്ലാം മാർ ദീവന്നാസ്യോസ് ആറാമൻ സമ്പൂർണ്ണ വിജയം നേടി. 1928-ലാണ് ഈ വ്യവഹാര പരമ്പര അവസാനിച്ചത്.

ഇതിനിടയിൽ 1912-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദൽമ്ശീഹാ മലങ്കരയിൽ ഒരു സ്വതന്ത്ര കാതോലിക്കേറ്റ് സ്ഥാപിക്കുകയും 1889-ലെ റോയൽ കോടതി വിധിമൂലം പാത്രിയർക്കീസിൽ നിക്ഷിപ്തമായിരുന്ന മെത്രാന്മാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അവകാശം നിരുപാധികം മലങ്കരയിലെ കാതോലിക്കായ്ക്കു വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. 1928 - 34 കാലം പ്രശ്നരഹിതമായി കടന്നുപോയി.

1934-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ പിൻഗാമിയെ വാഴിക്കാതെ അന്തരിച്ചു. അതിനേത്തുടർന്ന് അതേവർഷം ഡിസംബറിൽ കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുക്കുകയും മലങ്കര സഭാഭരണഘടന പാസാക്കുകയും ചെയ്തു. *1934-ലെ ഭരണഘടന* എന്നറിയപ്പെടുന്നത് അന്നു പാസാക്കിയ ഭരണഘടനയാണ്. അതോടെ പുതിയ വ്യവഹാര പരമ്പര ആരംഭിച്ചു. *പാത്രിയർക്കീസ് കക്ഷി, കാതോലിക്കാ കക്ഷി* എന്നാണ് അന്ന് ഇരുവിഭാഗവും അറിയപ്പെട്ടിരുന്നത്. പല കോടതികൾ കയറിയിറങ്ങി 1958-ൽ ഇന്ത്യൻ സുപ്രീം കോടതി *കാതോലിക്കാ കക്ഷിക്ക്* അനുകൂലമായി വിധിച്ചു. 1934-ലെ ഭരണഘടന സാധുവെന്നും, ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി തിരഞ്ഞെടുത്ത നടപടി ശരിയെന്നും, മലങ്കരയിൽ പാത്രിയർക്കീസിന്റെ അധികാരം മാഞ്ഞുപോകുന്ന ബിന്ദുവിലാണന്നും പരമോന്നത കോടതി വിധിച്ചു. കൂടാതെ പാത്രിയർക്കീസ് കക്ഷി, കാതോലിക്കാ കക്ഷിയ്ക്ക് കോടതിച്ചിലവു നൽകണമെന്നും കോടതി ഉത്തരവായി. *സമുദായക്കേസ്* എന്നാണ് ഈ വ്യവഹാരം അറിയപ്പെടുന്നത്.

ഇതിനെ തുടർന്ന് പരസ്പര സ്വീകരണത്തിലൂടെ സഭയിൽ സമാധനമായി. പാത്രിയർക്കീസ് കക്ഷി നിരുപാധികം സമാധനത്തിനു തയാറായപ്പോൾ കാതോലിക്കാ കക്ഷി 1934-ലെ ഭരണഘടനയ്ക്കു വിധേയമായാണ് എതിർകക്ഷികളെ സ്വീകരിച്ചത്. എങ്കിലും മുൻ പാത്രിയർക്കീസ് കക്ഷിയിലെ മെത്രാന്മാർക്ക് ഭദ്രാസനങ്ങൾ നൽകിയും വൈദീകർക്കും അത്മായർക്കും സഭയിലെ ഉന്നതസ്ഥാനങ്ങൾ നൽകിയും ഏതാണ്ട് പ്രശ്നരഹിതമായിത്തന്നെ ഒരു വ്യാഴവട്ടം കടന്നുപോയി. ഇരുകൂട്ടരും ചേർന്നാണ് 1970-ൽ കാതോലിക്കായുടേയും മലങ്കര

മെത്രാപ്പോലീത്തായുടേയും പിൻഗാമിയെ 1970-ൽ തിരഞ്ഞെടുത്തത്.

1970-നു ശേഷം പ്രശ്നങ്ങൾ വഷളാകാൻ തുടങ്ങി. പാത്രിയർക്കീസ് മലങ്കരയിലെ ദൈനംദിന കാര്യങ്ങളിൽ കൈകടത്താൻ ശ്രമിച്ചതും മാർത്തോമ്മാ ശ്ലീഹായ്ക്കു പട്ടമില്ലാ എന്നു കല്പന ഇറക്കിയതും പ്രശ്നം രൂക്ഷമാക്കി. അതിനെല്ലാം മകുടം ചാർത്തിക്കൊണ്ട് 1974-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് ത്രിതീയൻ ഏകപക്ഷീയമായി ഇപ്പോഴത്തെ തോമസ് പ്രഥമനടക്കം മൂന്നു മെത്രാന്മാരെ വാഴിച്ചതോടെ സംഘർഷം രൂക്ഷമായി. തുടർന്ന് ഒരു സമാന്തര കാതോലിക്കായേയും അനേകം മെത്രാന്മാരേയും അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമി ഇഗ്നാത്തിയോസ് സഖാ പ്രഥമനും വാഴിച്ചതോടെ രണ്ടാം സമുദായക്കേസിനു തുടക്കമായി. മുമ്പങ്ങും ഇല്ലത്തവിധം ഇത്തവണ എറണാകുളം ജില്ലയിൽ തെരുവുയുദ്ധങ്ങളും പള്ളി പടിച്ചടക്കലുകളും അരങ്ങേറി. അനേകം പള്ളികൾ പൂട്ടപ്പെട്ടു.

രണ്ടാം സമുദായക്കേസിൽ 1995-ൽ 1934-ലെ മലങ്കരസഭാഭരണഘടന വീണ്ടും ശരിവെച്ച് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു. ഈ വിധി നടപ്പാക്കുന്നതിനെപ്പറ്റിയുള്ള തുടർഹർജികളുടെ ഫലമായി സുപ്രീകോടതി നിരീക്ഷകന്റെ സാന്നിദ്ധ്യത്തിൽ ഇരുവിഭാഗവും സംയുക്തമായി 2002 മാർച്ചിൽ പരുമലയിൽ അസോസിയേഷൻ നടത്താൻ ഉത്തരവായി. എന്നാൽ പാത്രിയർക്കീസ് വിഭാഗം പരുമല അസോസിയേഷൻ ബഹിഷ്ക്കരിച്ചു. സമാന്തരമായി അതേദിവസം *യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ* രൂപീകരിച്ചതായി പ്രഖ്യാപിക്കുകയും 2002 ജൂലൈയിൽ പുത്തൻകുരിശിൽ ഒരു യോഗം വിളിച്ചുകൂട്ടി സൊസൈറ്റീസ് ആക്ട് പ്രകാരം അതിനൊരു ഭരണഘടന ഉണ്ടാക്കുകയും ചെയ്തു.

ഇതിനിടെ പലതലത്തിൽ സമാധാന ശ്രമങ്ങൾ നടന്നെങ്കിലും എല്ലാം അവസാന നിമിഷം പരാജയപ്പെടുകയായിരുന്നു കുറച്ചു പള്ളികളെങ്കിലും വീണ്ടും കലാപഭൂമിയായി. ഓർത്തഡോക്സ് സഭയുടെ വിധിനടത്തു ശ്രമങ്ങളെ യാക്കോബായ വിഭാഗം തടഞ്ഞതാണ് സംഘർഷങ്ങൾക്ക് ഹേതുവായത്. 1995-ലെ സുപ്രീംകോടതി വിധി ഇടവകപ്പള്ളികൾക്ക് ബാധകമല്ല എന്നതായിരുന്നു അവരുടെ വാദം. രണ്ടു സഭകളായി പിരിയണം എന്നു യാക്കോബായ വിഭാഗം ആവശ്യപ്പെട്ടെങ്കിലും ഓർത്തഡോക്സ് സഭ അതിനു വിസമ്മതിച്ചു. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ടതും *മൂന്നാം സമുദായക്കേസ്* എന്നു ചിലർ വിളിക്കുന്നതുമായ വ്യവഹാരത്തിനാണ് 2017 ജൂലൈ 3-ന് വിരാമമായത്.

ഈ വിധയുടെ പ്രത്യാഘാതം വിശാലവും ദൂരവ്യാപകവുമാണ്. കേവലം അഞ്ചുപള്ളികളെ മാത്രമല്ല ഇത് ബാധിക്കുന്നത്. 1958-ൽ അവസാനിച്ച സമുദായക്കേസ് മുതൽ മലങ്കരയിലെ മൊത്തം പള്ളികളെ ചേർത്ത്. *1064 പള്ളികൾ* എന്നാണ് വ്യവഹരിക്കുന്നത്. ഇന്നവയുടെ എണ്ണം രണ്ടായിരത്തിലധികമാണ്. അവയിൽ 2002 മാർച്ച് 20-നു നിലവിലുണ്ടായിരുന്ന എല്ലാ ഇടവകപ്പള്ളികൾക്കും ഈ വിധി ബാധകമാണ്. അവയിൽ അഞ്ഞൂറോളം പള്ളികൾ തർക്കത്തിലാണ്. നൂറിലധികം പള്ളികൾക്ക് കേസ് നിലവിലുണ്ട്. അവയെല്ലാം 1934 ഭരണഘടനയുടെ പരിധിയിലായി. നിലവിലുള്ള കേസുകളും വിധിനടത്തും ഈ അടിസ്ഥാനത്തിൽ മാത്രമേ ഇനി സാദ്ധ്യമാവു.

2017 വിധി ബാധകമാകുന്നത് രണ്ടു തലങ്ങളിലാണ്. ഒന്നാമതായി ഇടവക തലത്തിലും ഇടവകാംഗങ്ങളുടെ ഇടയിലും. സത്യത്തിൽ അവരെ ഈ വിധി ബാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അവരുടെ ആത്മീയ ആവശ്യങ്ങൾക്ക് മുടക്കമുണ്ടാകില്ല. ഇടവകകളുടെ സാമ്പത്തിക ഉൾഭരണ സ്വാതന്ത്ര്യവും 1934 ഭരണഘടനപ്രകാരം സുരക്ഷിതമാണ്. മലങ്കരസഭ കൂടുതൽ ജനാധിപത്യപരമാണ് എന്നതാണ് വാസ്തവം. ഉദാഹരണത്തിന് യാക്കോബായ വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ചില പള്ളികളുടെ സ്വതന്ത്ര ഭരണഘടനയിൽ വോട്ടവകാശം ഉള്ളവരും ഇല്ലാത്തവരുമായി അംഗങ്ങളെ പല വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. 1934 ഭരണഘടനയിൽ അത്തരം വിവേചനം ഒന്നും ഇല്ല. 21 വയസു തികഞ്ഞ, സഭാ നിയമങ്ങൾ അനുസരിക്കുന്ന എല്ലാ ഇടവകാംഗങ്ങൾക്കും വോട്ടവകാശമുണ്ട്.

പലരും പ്രചരിപ്പിക്കുന്നതുപോലെ 1934 ഭരണഘടന മലങ്കര മെത്രാപ്പോലീത്തായ്ക്കോ

ഇടവക മെത്രാന്മാർക്കോ ഇടവകപ്പള്ളികളുടെ സ്വത്തിലോ പണത്തിലോ കൈകാര്യകർതൃത്വം ഒന്നും നൽകുന്നില്ല. ഭരണഘടന അനുശാസിക്കുന്ന മുൻഗണനാ ക്രമത്തിൽ (നിത്യനിദാനം, വൈദീകരുടേയും പരികർമ്മികളുടേയും വേതനം, അറ്റകുറ്റപ്പണി, സണ്ടേസ്കൂൾ... എന്നിങ്ങനെയാണ് ആ മുൻഗണനാക്രമം) പള്ളിപ്പണം ചിലവഴിക്കുന്നുണ്ടോ, പള്ളിപ്പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമാണോ പണം ചിലവഴിക്കുന്നത്, കണക്കുകൾ കൃത്യമായി എഴുതുകയും പൊതുയോഗത്തിൽ പാസാക്കുകയും ചെയ്യുന്നുണ്ടോ എന്നീ കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുക മാത്രമാണ് മെത്രാന്റെ ചുമതലയിൽ വരുന്നത്. അവയാകട്ടെ, ഭരണഘടനാപൂർവകാലത്തും മെത്രാന്റെ അധികാരപരിധിയിൽ ഉൾപ്പെട്ടിരുന്നതുമാണ്. ഈ വസ്തുത വിശദീകരിക്കാൻ ഓർത്തഡോക്സ് സഭ ഇതഃപര്യന്തം തയാറായില്ല എന്നത് തെറ്റിദ്ധാരണ വളർത്താൻ കാരണമായിട്ടുണ്ട്.

പക്ഷേ ഈ വിധി ബാധിക്കുന്ന ചില ഇടവകകളുണ്ട്. സ്വന്തം ഭരണഘടനയുടേയോ ഉടമ്പടിയുടേയോ അടിസ്ഥാനത്തിലോ, 2002 ഭരണഘടനയുടെ അടിസ്ഥാനത്തിലോ ഭരിക്കപ്പെടുന്ന പള്ളികൾ പ്രതിസന്ധിയിലാകും. അവയെക്കയും സുപ്രീംകോടതി അസാധുവാക്കിയതിനാൽ ആ പള്ളികളുടെയെല്ലാം ഭരണം ഇനി 1934 ഭരണഘടനപ്രകാരം ആക്കേണ്ടിവരും. ഇടവകപ്പള്ളികളുടെ സ്വത്ത് ഇതര ട്രസ്റ്റുകളാക്കി മാറ്റാൻ സാദ്ധ്യമല്ലന്നു മാത്രമല്ല, ഇതുവരെ മാറ്റിയ അത്തരം നടപടികളും അസാധുവാകും. നിലവിലുള്ള ആദയനികുതി - ധനകാര്യ നിയമങ്ങൾ പ്രകാരം അത്തരം പള്ളികൾക്കു ലഭിച്ചിരിക്കുന്ന പാൻനമ്പർ അസാധുവാകും. അതോടെ അവയുടെ ബാങ്ക് അക്കൗണ്ടുകളും മരവിക്കപ്പെടും. അത്തരം പള്ളികളുടെ ഭരണവും നിത്യനിദാനവും വരെ പ്രതിസന്ധിയിലാകും. നിലവിൽ കേസുകൾ ഇല്ലാ എന്ന് ആശ്വസിച്ചിരിക്കുന്ന യാക്കോബായ വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ഇടവക പള്ളികൾ ഉടൻ നേരിടാൻ പോകുന്ന ഗുരുതരപ്രശ്നം ഇതാണ്.

ഈ പ്രതിസന്ധിയ്ക്കുള്ള ഏക പരിഹാരം 1934-ലെ മലങ്കരസഭാ ഭരണഘടന അംഗീകരിച്ച് അതനുസരിച്ചുള്ള ഭരണസംവിധാനം ഏർപ്പെടുത്തുക എന്നതാണ്. അവിടെയാണ് 2017 വിധിയുടെ ആഘാതത്തിന്റെ രണ്ടാമത്തെ തലം ആരംഭിക്കുന്നത്. ആദ്യമായി 1934 ഭരണഘടനപ്രകാരമുള്ള വികാരി നിയമിക്കപ്പെടണം. അദ്ദേഹം അതേ ഭരണഘടനപ്രകാരമുള്ള നിയമാനുസൃത പൊതുയോഗം വിളിച്ചുകൂട്ടണം. ആ പൊതുയോഗം കൈക്കാരനേയും ഭരണസമതിയേയും തിരഞ്ഞെടുക്കണം. അവർ അംഗീകരിക്കപ്പെടുമ്പോൾ മാത്രമേ ഇടവകകളുടെ ഈ സാമ്പത്തിക-ഭരണ പ്രതിസന്ധി അവസാനിക്കൂ. സെമിനാരി വിദ്യാഭ്യസം നേടാത്തവരെ വൈദീകരാക്കരുത് എന്ന് മലങ്കര സഭാഭരണഘടനയിൽ വ്യവസ്ഥ ഉള്ളതിനാൽ ഇപ്പോൾ യാക്കോബായ വിഭാഗത്തിൽ നിൽക്കുന്ന ഒരു നല്ല വിഭാഗത്തിന് ഓർത്തഡോക്സ് സഭയിലേയ്ക്കുള്ള പ്രവേശനം സുഗമമായിരിക്കില്ല.

വികാരിയെ നിയമിക്കേണ്ടതും ഇടവക ഭരണസമതിയെ അംഗീകരിക്കേണ്ടതും ഇടവക മെത്രാപ്പോലീത്തായാണ്. ഇടവക മെത്രാപ്പോലീത്താമാരാകട്ടെ മലങ്കര സഭാഭരണഘടനപ്രകാരം തിരഞ്ഞെടുക്കപ്പെട്ട് വാഴിക്കപ്പെട്ട് നിയമിക്കപ്പെട്ടവരായിക്കണം. ചുരുക്കത്തിൽ, യാക്കോബായ വിഭാഗത്തിലെ വൈദീകരും മെത്രാന്മാരും ഈ വിധിയോടെ സഭാ സംവിധാനത്തിൽനിന്നും പൂർണ്ണമായി പുറത്തായി. ഒരു പള്ളിക്കു വികാരിയെ നിയമിക്കുകയോ, സ്ഥലം മാറ്റുകയോ, മറ്റേതെങ്കിലും വിധത്തിൽ ഇടവകഭരണത്തിൽ ഇടപെടുകയോ ചെയ്താൽ ഈ വിധപ്രകാരം യാക്കോബായ വിഭാഗത്തിലെ മെത്രാന്മാർ കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവരും എന്നതാണ് സ്ഥിതി. അതിനോടൊപ്പം വികാരിയുടെ അനുമതി കൂടാതെ ഒരു മെത്രാനും വൈദീകനും ഏതെങ്കിലും പള്ളിയിൽ പ്രവേശിക്കാനോ കർമ്മം നടത്താനോ സാദ്ധ്യമല്ല എന്ന വസ്തുതയും ഇവരുടെ നില പരുങ്ങലിലാക്കുന്നു.

വൈദീകർക്കും മെത്രാന്മാർക്കും രക്ഷപെടാൻ മാർഗ്ഗമുണ്ട്. അവർ മലങ്കര സഭാഭരണഘടന അംഗീകരിയ്ക്കുകയും, അത് ഓർത്തഡോക്സ് സഭ സ്വീകരിച്ച് മേൽനടപടികൾ സ്വീകരിയ്ക്കുകയും ചെയ്താൽ മെത്രാന്മാരും വൈദീകരും

രക്ഷപെടും. യാക്കോബായ വിഭാഗത്തിനു ഭൂരിപക്ഷമുള്ള പള്ളികളിൽ മലങ്കര സഭാഭരണഘടന അനുസരിച്ചു തിരഞ്ഞെടുപ്പു നടന്നാലും ഭരണസമതി മുൻ യാക്കോബായ വിഭാഗത്തിന്റെ നിയന്ത്രണത്തിൽത്തന്നെ ആയിരിക്കും. അവിടൊന്നും ഉപരിപ്ലവമായ മാറ്റങ്ങൾ ദർശിക്കാനാവില്ല.

പക്ഷേ യാക്കോബായ വിഭാഗത്തിലെ അവൈദീക നേതൃത്വ നിരയുടെ സ്ഥിതിയാണ് പരമ ദയനീയം. 1995-ലെ സുപ്രീംകോടതി വിധിപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ സഭാ സമതികളുടേയും കാലാവധി അഞ്ചുവർഷമാണ്. 2017 മാർച്ച് 1-നാണ് പുതിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിച്ചതും മാനേജിംഗ് കമ്മറ്റിയേയും കൂട്ടു ട്രസ്റ്റിമാരെയും തിരഞ്ഞെടുത്തതും. മിക്ക ഭദ്രാസന കൗൺസിലുകളുടേയും തിരഞ്ഞെടുപ്പും പൂർത്തിയായി. ചുരുക്കത്തിൽ ഏകീകൃത സഭയിൽ അവർക്ക് എന്തെങ്കിലും സ്ഥാനം ലഭിയ്ക്കണമെങ്കിൽ 2022 മാർച്ച് വരെ കാത്തിരിക്കണം!

യാക്കോബായ വിഭാഗത്തിനു ഇനി അതേപേരിൽ ഒരു സഭയായി നിലനിൽക്കണമെങ്കിൽ പുതിയ പള്ളികൾ സ്ഥാപിച്ചേ പറ്റൂ. 2002 മാർച്ച് 20-നു നിലവിലുണ്ടായിരുന്ന ഒരു ഇടവകപ്പള്ളിയിലും അവകാശവാദം നടത്താനോ, അവിടെനിന്നും പിരിഞ്ഞുപോകുന്നതിന് വീതം ആവശ്യപ്പെടാനോ ഈ വിധിമൂലം ഇനി സാദ്ധ്യമല്ല. സ്ഥാവര-ജംഗമ സ്വത്തുക്കളുടെ വീതമോ, സെമിത്തേരി അവകാശം പോലുമോ വിട്ടുകൊടുക്കാൻ ഓർത്തഡോക്സ് സഭയ്ക്കും സാദ്ധ്യമല്ല.

The Malankara
ORTHODOX SYRIAN CHURCH

തവണവെച്ച് ഇരുകൂട്ടരും ശുശ്രൂഷകൾ നടത്തുന്ന സംവിധാനവും കോടതി വിലക്കിയിട്ടുണ്ട്.

1889-ൽ തിരുവിതാംകൂർ റോയൽ കോടതി വിധിയേത്തുടർന്ന് നവീകരണ വിഭാഗം സ്ഥാപകൻ പാലക്കുന്നത്ത് തോമസ് മാർ അത്താനാസ്യോസും കൂട്ടരും നേരിട്ടതിനേക്കാൾ വലിയ പ്രതിസന്ധിയാണ് യാക്കോബായ വിഭാഗം ഇന്നു നേരിടുന്നത്. നവീകരണ വിഭാഗത്തിനു നിലനില്പിനായി സ്വന്തം അണികൾക്കിടയിൽ ചൂണ്ടിക്കാണിക്കാൻ വിശ്വസത്തിലുള്ള വൈജാത്യമെങ്കിലും ഉണ്ടായിരുന്നു. എങ്കിലും അവർക്ക് പുതിയ പള്ളികൾ വെച്ചു മാറേണ്ടിവന്നു. ഇന്ന് യാക്കോബായ വിഭാഗം നേതൃത്വത്തിന് അപ്രകാരം ഒരു വിശ്വാസവിത്യാസം ഓർത്തഡോക്സ് സഭയിൽ ചൂണ്ടിക്കാട്ടാനില്ല. ഉള്ളത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കരയിലെ അധികാരം മാത്രം. അതാകട്ടെ മാഞ്ഞുപോകുന്ന ബിന്ദുവിലാണന്നു കോടതി ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിധിക്കാസ്പദമായ ഹർജികൾ കീഴ്ക്കോടതി മുതൽ എല്ലായിടത്തും നൽകി ഇത്തരമൊരു വിധി എറ്റുവാങ്ങിയത് യാക്കോബായ വിഭാഗം നേതൃത്വമാണന്ന വസ്തുത അനുയായികൾക്കു വിശദീകരിക്കനുള്ള ബാദ്ധ്യതയും അവരിൽത്തന്നെ നിക്ഷിപ്തമാണന്നതും അവരുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു.

1877-ൽ ആരംഭിച്ച് 1889-ൽ തിരുവിതാംകൂർ റോയൽകോടതി വിധിയിൽ അവസാനിച്ച സെമിനാരിക്കേസിൽ ആരംഭിച്ച മലങ്കരസഭാ വ്യവഹാരത്തിന് 2017 ജൂലൈ 3-നു ഏതാണ്ട് വിരാമിടുമ്പോൾ അതിലൊരു തനിയാവർത്തനമുണ്ട്. 1886-ലെ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ദിവസമാണ് (പഴയ കണക്കിനു കർക്കിടകം 3) കുന്നംകുളം സ്വദേശിയായ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ കോട്ടയം പഴയ സെമിനാരി നടത്തി എടുത്തത്. അദ്ദേഹത്തിന്റെ പിൻഗാമിയും കുന്നംകുളം സ്വദേശിയുമായ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കോലഞ്ചേരി പള്ളി വിധിനടത്തു ഹർജിയിൽ ആത്യന്തിക വിജയം നേടിയത് 2017-ൽ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ദിനം തന്നെ (പുതിയ കണക്കിനു ജൂലൈ 3) ആണ്. രണ്ടവസരങ്ങളിലും അപ്പീൽ കൊടുത്ത കക്ഷികളാണ് പരാജയപ്പെട്ടതും!

നേർകാഴ്ച

വനാന്തരങ്ങളിൽ പാർക്കുന്ന ആദിവാസി ഊരുകളിലെ സന്ദർശനം

ആഡംബര ലോകത്ത് പരിഷ്കാരത്തിന്റെ ഗർവിൽ ജീവിക്കുന്ന നമുക്ക്, ഈ നൂറ്റാണ്ടിലും സ്വന്തമായി ഒരു അല്പം ഭൂമിപോലും ഇല്ലാതെ ജീവിക്കുവാൻ വിധിക്കപ്പെട്ടവരുടെ അവസ്ഥ ചിന്തിക്കുവാൻ സാധിക്കുമോ? മരക്കൊമ്പുകൾ വെച്ചുകെട്ടി പുല്ലും, പ്ലാസ്റ്റിക്കും മേൽക്കൂരയായി വിരിച്ച ചെറിയ കുടിലുകൾ, ഭക്ഷിക്കുവാൻ കായ്കനികൾ, ഇതിനുമപ്പുറത്താണ് യാഥാർത്ഥ്യത്തിന്റെ നേർകാഴ്ച.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നു വിളിക്കപ്പെടുന്ന നമ്മുടെ കേരളത്തിൽ പത്തനംതിട്ട ജില്ലയിലെ മൂഴിയാർ, അട്ടത്തോട്, ചാലക്കയം എന്നീ സ്ഥലങ്ങളിലെ വനാന്തരങ്ങളിൽ പാർക്കുന്ന ആദിവാസി ഊരുകൾ ഒരു നൊമ്പരമായി തോന്നിപ്പോകും കാഴ്ചക്കാർക്ക്. ശബരിമല തീർത്ഥാടന കേന്ദ്രത്തിലേക്കുള്ള വഴിയോരത്താണ് ഈ സ്ഥലങ്ങൾ അധികവും.

കാട്ടിൽ നിന്ന് ശേഖരിക്കുന്ന ഭക്ഷണ പദാർത്ഥങ്ങളും, നാട്ടിൽ നിന്ന് സുമനസ്സുകൾ നൽകുന്ന ധാന്യങ്ങളുമാണ് ഇവരുടെ പ്രധാന ഭക്ഷണം. കാട്ടാനകളുടെ ഭീഷണി, കൊടും ശൈത്യം അതനുഭവിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ, വന്യമൃഗങ്ങളുടെ ശല്യം, ഇഴജന്തുക്കൾ, പോഷകാഹാരങ്ങളുടെ ദൗർലഭ്യം, വസ്ത്ര ദാരിദ്ര്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയെല്ലാം ഇവർ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളുമാണ്. എന്നാലും ഇതിനെയെല്ലാം തരണം ചെയ്ത് കടുത്ത ദാരിദ്ര്യത്തിലും ആരെയും പഴിക്കാതെ അനുദിനം ജീവിതം മുന്നോട്ട് നീക്കുകയാണ് ഇവർ. തേനും, കുന്തിരക്കവും, ഈറ്റയുമെല്ലാം ശേഖരിച്ച് വിറ്റഴിച്ച് ലഭിക്കുന്നതാണ് ഇവരുടെ ഏക വരുമാനം.

ശരിയായ ശുചിത്വമോ, വസ്ത്ര ധാരണമോ ഇവർക്കില്ല. അതുകൊണ്ട് തന്നെ ആരോഗ്യപ്രശ്നങ്ങളും, രോഗങ്ങളും ധാരാളമാണ്. 16 വയസ്സുകാരിക്ക് 3 വയസ്സുള്ള മകൻ, ഒരു ചെറിയ കുടിലിൽ അപ്പൻ അമ്മ 4 ഉം 5 ഉം മക്കൾ, അടുക്കളയും കിടപ്പറയും എല്ലാം ഒന്നിച്ച്, മറയില്ലാത്ത ജീവിതം... അങ്ങനെ വിശ്വസിക്കുവാനും, ചിന്തിക്കുവാനും കഴിയാത്ത അനവധി നിരവധി കാഴ്ചകൾ.

കാടിന്റെ മക്കളുടെ ദുരിതം കാണുവാൻ പലപ്പോഴും മാറി മാറി വരുന്ന ഭരണ നേതൃത്വം സമയം കണ്ടെത്താറില്ല. എന്നാൽ അവരുടെ ആവശ്യങ്ങൾ അറിഞ്ഞ് നൽകുവാൻ സർക്കാർ ശമ്പളത്തിൽ ഒരു കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. റേഷൻ സാധനങ്ങൾ മുടക്കം കൂടാതെ എത്തിക്കുവാനും, പ്രാഥമിക ചികിത്സാ ഉറപ്പാക്കാനുമുള്ള സംവിധാനവും ഉണ്ട്. എന്നാൽ പല

പ്പോഴും അതൊക്കെ ചൂഷണം ചെയ്യപ്പെട്ടു പോകുന്നു.

ജീവിതത്തിന്റെ നരകയാതന അനുഭവിക്കുന്ന ഇവരുടെ ജീവിതം ഒരു സത്യമോ, കടങ്കഥയോ എന്ന് ചിലപ്പോൾ നമുക്ക് തോന്നിപ്പോകും. ആവശ്യത്തിനും, അനാവശ്യത്തിനും പണം ചിലവഴി ക്കുന്ന നമുക്ക് ഈ സ്ഥലങ്ങൾ സന്ദർശിച്ച് അവർ ക്ക് 'നമ്മുടെ സഹായ ഹസ്തം'നൽകി യാൽ അത് നല്ല മാതൃകയായിത്തീരും.

പല കുടിലുകളുടേയും മേൽക്കൂരകൾ ടാർ പ്പാളിൻ വലിച്ച് കെട്ടിയി രിക്കുന്നു. ഇതിന്റെ മുകളിൽ മരക്കൊമ്പു കൾ വീണ് കീറി മഴയത്ത് ചോർന്നൊലി ക്കുന്ന കാഴ്ച വേദനാജനകമാണ്. ഈ ദുര വ സ്ഥ മനസ്സിലാക്കി യുവജനപ്രസ്ഥാനം കേന്ദ്ര പ്ര സിഡന്റ് അഭി. ഡോ. യൂഹാ നോൻ മാർ ക്രിസോ സ്റ്റമോസ് തിരുമേനി സമാഹരിച്ച തുകയിൽ നിന്ന് വലിയ ടാർപാളിനുകൾ 30 കുടുംബങ്ങൾക്ക് നൽ കുവാൻ ആണ് ഞങ്ങൾ അവിടെ പോയത്. കേന്ദ്ര വൈസ് പ്രസിഡന്റ് ഫിലിപ്പ് തരകൻ അച്ചനും, ജനറൽ സെക്രട്ടറി അജി കെ. തോമസ് അച്ചനും ഒപ്പം ഉണ്ടായിരുന്നു. ഞങ്ങൾക്ക് വഴികാട്ടിയായി നിലയ്ക്കൽ ഭദ്രാസന വൈസ് പ്രസിഡന്റ് ജോമോൻ ജോൺ അച്ചൻ, ജനറൽ സെക്രട്ടറി അനു വർഗീസ്, ജോയിന്റ് സെക്രട്ടറി മിന്റാ മറിയം വർഗീസ് എന്നിവരും. ബഹുമാന്യ

നായ ജോമോൻ അച്ചന്റെ കാടിനെ കുറിച്ചുള്ള വിവരണങ്ങൾ ഞങ്ങൾക്ക് ആവേശമേകി. ഒരു പകൽ അവരോടൊപ്പം ചിലവഴിക്കാൻ ഞങ്ങൾക്ക് സാധിച്ചു.

നിലയ്ക്കൽ ഭദ്രാസന യുവജന പ്രസ്ഥാന ത്തെ കൂടാതെ നമ്മുടെ പല യൂണി റ്റുകളും, പ്രത്യേ കിച്ച് തുമ്പമൺ ഭദ്രാസനത്തിലെ വിവിധ യൂണി റ്റുകൾ, ഒരു വർഷക്കാലം 'ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്ത ഷാർജ സെന്റ് ഗ്രീഗോറിയോ സ് യൂണിറ്റ്, 2003 മുതൽ ഈ മേഖലയിലെ ആദിവാസി കുടുംബങ്ങളുടെ ക്ഷേമത്തിനായി പ്രയത് നിക്കുകയും ഉൾകാടുകളിൽ നിന്ന് അവരെ കൊ ണ്ടു വന്ന് വഴിയരികിൽ പാർപ്പിച്ച് ജനശ്രദ്ധ നേടി

കൊടുക്കുകയും ചെയ്ത പ്രസ്ഥാനം മുൻ ജനറൽ സെക്രട്ടറി പി. വൈ. ജസനച്ചൻ, ഈ സംരംഭത്തിന് തുടക്കം കുറിച്ച് നിരവധി തവണ സഹായ ഹസ്തവുമായി അവിടെ എത്തിയ കൊച്ചി ഭദ്രാസന യുവജനപ്രസ്ഥാ നം, ഞങ്ങൾ പോകുന്നതിന് അഞ്ചു ദിവസം മുൻപ് അവിടെ സന്ദർശിച്ച് ഭക്ഷണ പദാ ർത്ഥങ്ങളും, വസ്ത്രങ്ങളും മറ്റും വിതരണം ചെയ്ത തിരുവല്ല കുട്ടപ്പുറം പള്ളിയിലെ യുവ ജനപ്രസ്ഥാ നം, എന്നിവരെല്ലാം പ്രത്യേകം അഭിനന്ദനം അർഹി ക്കുന്നു.

'ഈ ഏറ്റവും ചെറിയവർക്ക് ചെയ്യുന്നത് എനിക്ക് ചെയ്യുന്നു' എന്ന ചിന്തയും അതിനുള്ള മന സ്സും ഏവരിലും ഉണ്ടാകേണ്ടത് അനിവാര്യമാണ്.

ജീവിത സൗകര്യങ്ങൾ നിഷേധി ക്കപ്പെട്ട ഈ മനുഷ്യർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം..... പ്രവർത്തിക്കാം.... പ്രയത്നിക്കാം.....

പ്രവർത്തന രൂപരേഖ 2017 – 2018

ബഹുമാനപ്പെട്ട അച്ചാ / പ്രീയ സുഹൃത്തേ,

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ കേന്ദ്ര ഭദ്രാസന യൂണിറ്റ് പ്രവർത്തനങ്ങളുടെ ഏകീകൃതരൂപമാണ് ഈ രൂപരേഖ..... നമ്മുടെ എല്ലാ വർഷവുമുള്ള പതിവ് പ്രവർത്തനങ്ങളോടൊപ്പം രൂപരേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുവാൻ നമുക്കൊരുമിച്ച് ചിന്തിക്കാം.... പ്രവർത്തിക്കാം.... പ്രാർത്ഥിക്കാം..... പുതിയ പ്രവർത്തന വർഷത്തിൽ എല്ലാ നന്മകളും നേരുന്നു.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

മെത്രാപ്പോലീത്താ (പ്രസിഡന്റ്)

ഫാ. ഫിലിപ്പ് തരകൻ തേവലക്കര (വൈസ് പ്രസിഡന്റ്)

ഫാ. അജി കെ. തോമസ് (ജനറൽ സെക്രട്ടറി)

ജോജി പി. തോമസ് (ട്രഷറർ)

പ്രവർത്തന രൂപരേഖ

1. മൈക്രോ ക്യാമ്പ് (കേന്ദ്ര തലത്തിൽ)

സാഹിത്യ ശിൽപശാല, പ്രകൃതി പഠനം, Synergia, പ്രസംഗപരിശീലനം, Communicative Englsh

2. പഠന പരിശീലനങ്ങൾ

ബോധവത്ക്കരണ ക്ലാസുകൾ, Blood Donation (യൂണിറ്റ്തലത്തിൽ), Organ Transplantation (യൂണിറ്റ്തലത്തിൽ), Cancer സുരക്ഷ (യൂണിറ്റ് തലത്തിൽ), ലഹരി - Anti - Narcotich (നമ്മുടെ കോർപ്പറേറ്റ് സ്കൂൾ, കോളേജ്)

3. Job cell - Data youth (കേന്ദ്ര തലത്തിൽ)

1. Data Collection : IT, Medical - Nurse, CA, Doctors, Electricians, Plumbers, Carpenters, Teachers etc.

2. Career Guidance Scheme
ഉന്നത വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ.

4. Social Service Programmes (കേന്ദ്ര തലത്തിൽ)

1.Tribal Mission

2. പരിവർത്തിത ക്രൈസ്തവർ (സ്ത്രീബാദ്ധാസ സമൂഹം)

3. പരിസ്ഥിതി - സൗഹൃദം

4. പൊതുജനോപകാരപദ്ധതി (ഉദാ. റോഡ് സുരക്ഷ, ഗവൺമെന്റ് ഹോസ്പിറ്റൽ സഹായം)

5. ഊർജ്ജ സംരക്ഷണം Synergia, **മഴക്കുഴി**, Waste Management (യൂണിറ്റ്തലത്തിൽ)

6. Transgenders

5. Media Cell & Public Relations (കേന്ദ്ര തലത്തിൽ)

1. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഔദ്യോഗിക പ്രചരണം

2. മാധ്യമ ബോധവൽക്കരണം

3. സാമൂഹിക പ്രതിബദ്ധത വിഷയങ്ങൾ ഇടപെടൽ

6. Regional Meetings / Diocese Meetings / District-Unit Meetings

(ആറ് മാസത്തിലൊരിക്കൽ റീജണൽ - ഭദ്രാസന - യൂണിറ്റ് പ്രവർത്തക സംഗമം, ഡിസ്ട്രിക്ട് (ഗ്രൂപ്പ്) തലത്തിൽ മൂന്ന് മാസത്തിലൊരിക്കൽ ഓരോ യൂണിറ്റുകളിലായി യൂണിറ്റ് പ്രവർത്തക രുടെ സംഗമം)

7. യുവദമ്പതിമാരുടെ കൂട്ടായ്മ – New couple fellowship (ഭദ്രാസനതലത്തിൽ)

8. Mission & Evangelisation

1. വേദവിജ്ഞാനം വർദ്ധിപ്പിക്കുവാൻ കരിക്കുലം പഠനങ്ങൾ - Hand Book തയ്യാറാക്കി യൂണിറ്റുകൾക്ക് നൽകുന്നതാണ്. യൂണിറ്റുകളിൽ സദൃശ്യ വാക്യങ്ങൾ ഓരോ അദ്ധ്യായങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്യണം.

2. ഭദ്രാസന - ഡിസ്ട്രിക്ട് (ഗ്രൂപ്പ്) തലത്തിൽ സദൃശ്യ വാക്യങ്ങൾ പഠനം

3. പഠന കരിക്കുലത്തിന്റെ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷ.

4. Unit-Diocese-Regional-Mega Final, 3 പേർ വീതം Quiz Programme

"ഞാനും എന്റെ ബൈബിളും
എന്റെ സഭയും എന്റെ സമൂഹവും"

9. കൗൺസിലിംഗ് (യൂണിറ്റ് തലത്തിൽ)

വിദ്യാർത്ഥികൾ, മാതാപിതാക്കൾ

നമ്മുടെ സ്കൂളുകൾ & ബോർഡിംഗ്സ്

പെൺകുട്ടികൾ, ആൺകുട്ടികൾ കൗൺസലിംഗ്

10. വനിതാ ഫോറം (കേന്ദ്ര–ഭദ്രാസന–യൂണിറ്റ്)

പെൺകുട്ടികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക.

സ്ത്രീ സുരക്ഷ

11. സീനിയർ ഫോറം (കേന്ദ്ര–ഭദ്രാസന–യൂണിറ്റ്)

40 വയസ്സിന് മുകളിലുള്ള പ്രസ്ഥാനത്തിന്റെ മുൻകാല പ്രവർത്തകരെ ഒരുമിപ്പിച്ച് ഔദ്യോഗിക മായി സീനിയർ ഫോറത്തിന് രൂപം നൽകുന്നു.

12. പി.എസ്.സി. കോച്ചിംഗ് (കേന്ദ്ര–ഭദ്രാസന –യൂണിറ്റ്)

ബാങ്ക് കോച്ചിംഗ്, സിവിൽ സർവ്വീസ്, How to face interviews, Career development

13. Stage programme (കേന്ദ്രതലത്തിൽ)

സാമ്പത്തിക സമാഹരണം

14. ജീവകാരുണ്യ പ്രവർത്തനങ്ങൾ

Sanfransisco ദേവാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ 21 വിധവകൾക്ക് പ്രതിമാസം പെൻഷൻ നൽകുന്ന Karunya Pension Project, യുവജനപ്രസ്ഥാനം പ്രവർത്തകർക്ക് പഠന സഹായം, അടിയന്തിര ഘട്ടങ്ങളിൽ അവരെ സഹായിക്കുക, സ്നേഹസ്പർശം ക്യാൻസർ പദ്ധതി, മെഡിക്കൽ കിറ്റ്

15. Caring for the Elderly (യൂണിറ്റ്തലത്തിൽ)

(യുവത്വത്തിന്റെ നന്മ) യൂണിറ്റുകൾ ഇടവകയിലെ പ്രായമായവരെ അത്യാവശ്യ കാര്യങ്ങളിൽ സഹായിക്കുക.

ഉദാ: ലൈറ്റ് മാറ്റിയിടുക, പ്രായമായവർക്ക് മരുന്നുകൾ വാങ്ങിച്ച് കൊടുക്കുക. കിടക്കയിൽ ആയിരിക്കുന്ന രോഗികൾക്ക് സഹായങ്ങൾ നൽകുക, ഇടവകയിലെ ഡോക്ടർമാരേയും നേഴ്സുമാരേയും ഈ പദ്ധതിയുടെ ഭാഗമാക്കുക.

16. കലാമത്സരങ്ങൾ

17. കൃഷി, ജൈവപച്ചക്കറി യൂണിറ്റുകൾ (യൂണിറ്റ് തലത്തിൽ)

18. OKR Programmes, Gulf Region, abroad Units

(ഭദ്രാസന, യൂണിറ്റ്, കേന്ദ്ര പ്രവർത്തക സംഗമം, പദ്ധതികൾ ആവിഷ്ക്കരിക്കൽ)

19. കേന്ദ്ര ഓഫീസ് നവീകരണം – കൂപ്പൺ പിരിവ്

20. യുവജനപ്രസ്ഥാന കലണ്ടർ

21. വി. നോമ്പ് അനുഷ്ഠാനങ്ങൾ

പ്രസ്ഥാനത്തിന്റെ കേന്ദ്ര - യൂണിറ്റ് - ഭദ്രാസന പ്രവർത്തകർ, അംഗങ്ങൾ പരിശുദ്ധ സഭയുടെ കാനോനിക നോമ്പുകൾ അനുഷ്ഠിക്കുക.

22. യുവജന ദശാംശ പദ്ധതി

23. യുവജനവാരം (സെപ്റ്റംബർ 3–10)

പ്രകൃതിയിലേക്കുള്ള തീർത്ഥയാത്ര, ശുചീകരണ പ്രവർത്തനങ്ങൾ, ആദിവാസി സമൂഹത്തോടൊപ്പം, സ്നീബാദാസ സമൂഹത്തോടൊപ്പം, വേദപഠന തീർത്ഥയാത്ര.

24. രക്തദാന സേന

യൂണിറ്റ് - ഭദ്രാസന - കേന്ദ്ര പ്രവർത്തകരുടെ രക്തം ദാനം ചെയ്യുന്നതിനായി ഡയറക്ടറി.

25. വാർഷിക ധ്യാനം

26. കാതോലിക്കാദിനം

യൂണിറ്റുകൾ, ഭദ്രാസനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ഇടവകകളിലും ഭദ്രാസനകേന്ദ്രങ്ങളിലും കാതോലിക്കാദിനം ആഘോഷിക്കണം. പരി. സഭയോടും പരി. കാതോലിക്കാബാവാ തിരുമേനിയോടും പരി. സുന്നഹദോസ് അംഗങ്ങളായ എല്ലാ തിരുമേനിമാരോടും ഭക്തി ആദരവുകൾ സമർപ്പിക്കുന്നു. വിശ്വാസപ്രഖ്യാപനറാലി, സമ്മേളനങ്ങൾ എന്നിവ ക്രമീകരിക്കുക.

MONTHLY PROGRAMMES

എപ്രിൽ, മെയ്, ജൂൺ - Reg. Renewal of Units, യുവജനം മാസിക ഔദ്യോഗിക പ്രചരണം

മെയ് 23 Leaders Meet Diocese Vice-Presidents, Secretaries, Exe. Comm. Members

ജൂൺ 5 - പരിസ്ഥിതി ദിനാചരണം, തണ്ണീർത്തട സംരക്ഷണം (മഴക്കാല ശുചീകരണം)

ജൂൺ 16–29 - ശ്ലീഹാ നോമ്പ്

ജൂലൈ – ആദിവാസി ഊരുകളുടെ സന്ദർശനം

ആഗസ്റ്റ് 1–15 പതിനഞ്ച് നോമ്പ്

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷം, സ്നേഹ സാഹോദര്യജ്വാല, Leaders Meet-Organisers.

സെപ്റ്റംബർ 3–10 – യുവജനവാരം ഉദ്ഘാടനം, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ തീർത്ഥാടന വീഥികൾ - പഠനം, ഭവന സന്ദർശനം, ഓണകിറ്റ്

സമാപനം – നിരണം ഭദ്രാസനം

സെപ്റ്റംബർ 29 – **ഒക്ടോബർ 1** വാർഷിക സമ്മേളനം - പരുമല സെമിനാരി (നിരണം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ)

ഒക്ടോബർ 2 – ഗാന്ധിജയന്തി, യൂണിറ്റ് സെക്രട്ടറിമാരുടെ സംഗമം

ഒക്ടോബർ 26 – **മുതൽ** പരുമല അഖണ്ഡപ്രാർത്ഥന

ഒക്ടോബർ 29 – യുവജനസംഗമം പരുമല

നവംബർ – 1, 2 – പരുമലപെരുന്നാൾ

റോഡ് ശുചീകരണം, നേർച്ച സദ്യ വിളമ്പൽ (നിരണം, മാവേലിക്കര ചെങ്ങന്നൂർ ഭദ്രാസനങ്ങളുടെ ചുമതലയിൽ)

നവംബർ 12 – സെക്കന്റ് സൺഡേ കരിക്കുലം പഠന പരീക്ഷ (യൂണിറ്റ് തലത്തിൽ)

നവംബർ 26 - കരിക്കുലം ക്വിസ്സ് (ഭദ്രാസന തലത്തിൽ)

ഡിസംബർ 1 – 25 – ഇരുപത്തിയഞ്ച് നോമ്പ്

ഡിസംബർ 10– കരിക്കുലം ക്വിസ്സ് (റീജണൽ തലത്തിൽ)

ക്രിസ്തുമസ് കരോൾ യൂണിറ്റ് തലത്തിൽ, ക്രിസ്തുമസ് കലാസന്ധ്യ, ക്രിസ്തുമസ് കിറ്റ്

ജനുവരി 7, 8 – യോഹന്നാൻ സ്നാപകൻ

സ്തേഫാനോസ് സഹദാ എന്നിവരുടെ ഓർമ്മ, ലോക യുവജനദിനം എന്നിവയോട് ചേർന്ന് ഞായറാഴ്ച യുവജനദിനം ജീവകാരുണ്യദിനം

ഭദ്രാസനത്തിന്റെ ഏതെങ്കിലും ഒരു ചാരിറ്റി സെന്റർ വിസിറ്റ് (യൂണിറ്റ് - ഭദ്രാസന - കേന്ദ്ര)

ജനുവരി 13 - കേന്ദ്ര കലാമേള - ടലരീറ ടമ്യോറമ്യ

ജനുവരി 21 - **Curriculam Quiz Mega Final - Third Sunday**

ജനുവരി 25, 26 - ആലുവ - ശാസ്താംകോട്ട പെരുന്നാൾ

സൈനിക ഐക്യദാർഢ്യദിനം, പരീക്ഷ ഒരുക്ക പരിശീലനം

ഫെബ്രുവരി – മാർച്ച്

മൂന്ന് നോമ്പ്, വലിയ നോമ്പ്, വാർഷിക ധ്യാനം

കോർണർ മീറ്റിംഗ് - യൂണിറ്റ് ഭദ്രാസന തലത്തിൽ

ചെയിൻ പ്രയർ, യൂണിറ്റ് വാർഷിക സമ്മേളനം, തെരഞ്ഞെടുപ്പ്.

മാവേലിക്കര ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ വാർഷിക സമാപന സമ്മേളനം അഭി. ഡോ. ജ്യോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു.
ഫാ. അജി. കെ. തോമസ്,
ഫാ. ഫിലിപ്പ് തരകൻ,
ഫാ. കോശി മാത്യു,
ഫാ. സോനു ജോർജ്ജ്, റോണി വർഗ്ഗീസ്, ഉമ്മൻ ജോൺ,
ഫാ. ബിജോ രാജൻ,
ജോജി പി. തോമസ്,
പി. എം. മാത്യു, ബിനു ജോൺ,
മനു തമ്പാൻ, ബിനു സാമുവൽ,
മെർലിൻ എന്നിവർ സമീപം

ഭിലായ് സെന്റ് തോമസ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ
ഡോക്ടേഴ്സ് ഡേ യോടനുബന്ധിച്ച് നടന്ന മെഡിക്കൽ ക്യാമ്പ്
ഫാ. ജോസ് വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു.
ഡോ. അനുജി ദീനാ ജോൺ, ഐപ്പുരു ജോൺ എന്നിവർ സന്നിഹിതരായിരുന്നു.

ORTHODOX CHRISTIAN YOUTH MOVEMENT

81-ാമത്

അന്തർദേശീയ വാർഷിക സമ്മേളനം

ചിന്താവിഷയം : തീർത്ഥാടന വീഥികൾ

സെപ്തംബർ 29, 30, ഒക്ടോബർ 1, പരുമല സെമിനാരി

Printed and Published by H.G. Dr.Yuhanon Mar Chrisostamos Metropolitan, on behalf of President, Orthodox Youth Movement, St. Thomas Bhavan, Kottaym-1
Printed at: SN Press, Aluva.Ph: 2604319 Chief Editor: Fr. Eldho Kuriakose Padinjarekudiyil,
Managing Editor: Fr. Thomas George Pattasseril. Head Office: St. Thomas Bhavan, Chungom, Kottayam, Phone: 0481-2583997